KOTTAYAM PUBLIC LIBRARY

Call No. M100 Acc. No. 12756

Author ...... വിനോബ ......

Title ...... ഹിംസയെ ...... ചെറുക്കുന്നില്ല

# ഹിംസയെ

# [illegible]

# [illegible]

പരിഭാഷ

ടി നാരായണൻ നമ്പീശൻ

# ഹിംസയെ ചെറുത്തുനില്ക്കൽ

12756

## വിനോബ

NATIONAL BOOK STALL
SPCS LTD.
KOTTAYAM

പരിഭാഷ:

**ടി. നാരായണൻനമ്പീശൻ**

കോപ്പി 5000

പ്രസാധകന്മാർ:

കേരള സർവ്വോദയ പ്രസിദ്ധീകരണസമിതി

കോഴിക്കോട്‌ – 1

1957 ഏപ്രിൽ.

അച്ചടി:

വള്ളത്തോൾ പ്രിൻറിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്,

തൃശ്ശിവപേരൂർ.

# 1. ഹൃദയപരിവർത്തനം എങ്ങിനെ?

നമ്മുടെ പ്രവർത്തനത്തിൽ പെടുന്ന കാര്യങ്ങൾക്കെല്ലാം അനേകം വശങ്ങളുണ്ട്. എന്നാൽ എല്ലാററിന്നും അടിസ്ഥാനമായ ആശയം അഹിംസതന്നെയാണ്. ഹൃദയപരിവർത്തനത്തെ അടിസ്ഥാനമാക്കിയാണ് അഹിംസയുടെ പ്രക്രിയ നടക്കുന്നതെന്ന് നമുക്കെല്ലാക്കുമറിയാം. ഹൃദയപരിവർത്തനത്തിന്ന് പ്രത്യേകമൊരു പദ്ധതിയുണ്ട്. തന്റെ ഹൃദയത്തിൽ പരിവർത്തനം നടക്കുന്നതായി മനുഷ്യൻ ചിലപ്പോൾ അറിയുന്നതേയില്ല. ചിലപ്പോൾ അറിയാനും കഴിയും. അതിന്റെ ചടങ്ങ് അങ്ങിനെയാണ്. നമ്മുടെ ആശയങ്ങൾ, അഭിപ്രായങ്ങൾ, ചിന്തിക്കുന്ന രീതി എന്നിവയൊന്നും അതിന്ന് പ്രതിബന്ധമാകാതെയിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ വിവിധ രാഷ്ട്രീയാഭിപ്രായങ്ങളും വ്യത്യസ്തങ്ങളായ സാമ്പത്തികാശയങ്ങളും നടപ്പുണ്ട്. രാജ്യം വലുതാകകൊണ്ട് പ്രശ്നങ്ങളും വമ്പിച്ചവയാണ്. അതുകൊണ്ട് പലതരം അഭിപ്രായഭേദങ്ങളുണ്ടാകുന്നു. മതഭേദങ്ങളും ഉയർന്നുവരുന്നു. നാം ഹൃദയപരിവർത്തനത്തെക്കുറിച്ചോ അഭിപ്രായമാററത്തെക്കുറിച്ചോ പറയുമ്പോൾ അത് അന്യരുടെ അഭിപ്രായമാററത്തെ സംബന്ധിച്ച മാത്രമല്ല; അത് നമ്മുടെയും അന്യരുടെയും ഹൃദയപരിവർത്തനത്തിന്റെയും അഭിപ്രായമാററത്തിന്റെയും കാര്യമാണ്; അല്ലെങ്കിലങ്ങനെയാകണം. നമ്മുടെ സ്വന്തം ചിന്തകളിലും ഹൃദയത്തിലും ഒട്ടേറെ പരിവർത്തനം ആവശ്യമാണെന്ന കാര്യത്തിൽ അധികമായി ശ്രദ്ധ പതിയുന്നില്ല. അതിനാൽ ഹൃദയപരി-

വത്തനത്തിൻെറ ഈ മുറ എല്ലാവക്കും ബാധകമാണ്. അത് നമ്മളുടേതിൽനിന്ന് വ്യത്യസ്തമായ അഭിപ്രായമുള്ളവരെമാത്രം ബാധിക്കുന്നതല്ല.

## ഉപാസനയ്ക്ക് അടിസ്ഥാനം ഭ്രമമാണ്

ഈ പ്രക്രിയയിൽ ഭ്രമത്തിന്നും (അയഥാത്ഥജ്ഞാനം) സ്ഥാനമുണ്ടെന്ന് ഞാനെടുത്തുപറഞ്ഞുകൊള്ളട്ടെ. ഞാനിപ്പറയുന്നത് ആശ്ചയ്യകരമായിത്തോന്നും. ഉപാസിക്കുന്ന സമയത്ത് നമുക്കിതനുഭവമാകുന്നു. ഉപാസനാമുറയിൽ ഭ്രമത്തെ കുറഞ്ഞൊന്ന് അടിസ്ഥാനമാക്കി സ്വീകരിക്കേണ്ടിവരുന്നു. ഒടുവിൽ ആ അടിസ്ഥാനം നീങ്ങിപ്പോകുന്നു. പിന്നീടാ ഉപാസന ഒരു ശീലമായിത്തുടരുന്നുവരാം; ഇല്ലെങ്കിൽ തീരെ വിട്ടുപോയെന്നും വരാം. എന്നാൽ ആവശ്യമുള്ളേടത്തോളം അതിന്ന് നിദാനമായി ശുദ്ധവിചാരംപോലെത്തന്നെ ഭ്രമവും ഒഴിച്ചുകൂടാതെ വരുന്നു. ശുദ്ധ വിചാരത്തിലോ കേവലം ഭ്രമത്തിലോ ഉപാസന ഉറച്ചുനില്ക്കുകയില്ല. ശുദ്ധവിചാരവും ഭ്രമവും ഉള്ളേടത്തേ ഉപാസന നിൽക്കു. ഹൃദയപരിവത്തനത്തിൻെറ പ്രക്രിയയിലും ഈ ദൃഷ്ടാന്തം ബാധകമാണ്.

## കമ്മ്യൂണിസ്ററുകാരും ഞാനും

"ഭൂദാനത്തിൻെറ അടിസ്ഥാനാഭിപ്രായം നമ്മുടെ അഭിപ്രായം തന്നെയാണ്. നാം അതിനോട് യോജിക്കുന്നു. യാതൊന്നിൻേറയും ഉടമസ്ഥത നിലനില്ക്കരുത്; ഭൂമിയുടെ ഉടമസ്ഥതയും മറേറതുതരം സമ്പത്തിൻേറയും ഉടമസ്ഥതയും അവസാനിക്കണം. ബാബ ഇപ്പോഠം ഇതു പറയുന്നുണ്ട്." എന്നു കമ്മ്യൂണിസ്ററുകാർ പറയാൻ തുടങ്ങിയിട്ടുണ്ട്. അടുത്ത കാലത്ത് ആന്ധ്രയിൽ ഈ അഭിപ്രായം വ്യാപിച്ചുകണ്ടു. ഒറീസ്സ മുതൽക്കുതന്നെ ഇത് കാണാനും തുടങ്ങിയിട്ടുണ്ട്. ബാബ ഇത് പണ്ടേ പറഞ്ഞിരുന്നുവെന്ന് ഒരു പക്ഷെ അവക്കറിഞ്ഞുകൂടായിരിക്കും. അത് ഇന്നു് ഊന്നിപ്പറഞ്ഞിരുന്നപോലെ അന്നു് ഊന്നിപ്പറഞ്ഞിരുന്നില്ലെന്നു

വരാം. എന്നാൽ ബാബയ്ക്കു് ഇത്ര പരിവത്തനം വന്നതായി അവർ കരുതുന്നു. കുറച്ചുപരിവത്തനം ഉണ്ടായിക്കഴിഞ്ഞതായും കുറച്ചുണ്ടാകാനിരിയ്ക്കുന്നതായും എനിയ്ക്കു് തോന്നുന്നു. എന്നാൽ ഈ ചിന്താഗതി യഥാത്ഥത്തിൽ കമ്മ്യൂണിസ്റ്റ്കാരുടേതാണെന്നാണ് അവർ വിചാരിയ്ക്കുന്നതു്. അവക്കിതു് ഏത്രയും ഇഷ്ടവുമാണ്. കമ്മ്യൂണിസ്റ്റ്കാർ ഉടമസ്ഥതയവസാനിപ്പിക്കുന്നകാര്യ്യം ഇഷ്ടപ്പെടുന്നുവെങ്കിലും അവരുടെയും എൻേറയും ചിന്താഗതിയിൽ കുറെ അന്തരമുണ്ട്. ചില പ്രത്യേകാവസരങ്ങളിൽ അവരും ഞാനും തമ്മിലുള്ള വ്യത്യാസം ഞാൻ വിശദീകരിയ്ക്കാറുമുണ്ട്. എന്നാൽ സാധാരണ ഇതു പറയാറില്ല. പ്രധാന പ്രവത്തകന്മാരുടെ യോഗത്തിലേ ഇതു് വിവരിയ്ക്കുള്ളു. സാധാരണയോഗങ്ങളിൽ അവർ കരുതുന്നതു് ശരിയാണെന്നും അതുകൊണ്ടു് അവരുടെ മുഴുവൻ ആനുകൂല്യവും നമുക്കു ലഭിയ്ക്കേണ്ടതാണെന്നും പറയും.

ഇക്കാര്യ്യത്തിൽ അവരുടെ ധാരണ ഒട്ടു് ഭ്രമവും ഒട്ടു ശരിയുമാണ്. അവരും നമ്മളും യോജിച്ചുവരുന്നതായി അവർ കരുതുന്നു. ആ കരുതൽ കുറെ സത്യമാണ്; കുറെ ഭ്രമവും. ഞാൻ രണ്ടിനും വില കല്പിയ്ക്കുന്നു; രണ്ടും ആവശ്യമായിക്കരുതുന്നു. അതില്ലാതെ ഹൃദയപരിവത്തനത്തിൻെറ പ്രക്രിയ നടക്കുകയില്ല. അതിൻെറ പ്രക്രിയയ്ക്കൊരു വിശേഷമുണ്ട്; സ്വന്തം അഭിപ്രായം വെടിഞ്ഞു് മറെറാരഭിപ്രായം സ്വീകരിക്കുന്നതായി ആളുകൾക്കു് തോന്നുകയേ ഇല്ല. ചിലപ്പോൾ അതു് ബോധപ്പെട്ടേയ്ക്കാം; എന്നാൽ സാധാരണയായി അതുണ്ടാവില്ല. താൻ ധരിച്ചുവന്നിരുന്ന അഭിപ്രായത്തിൻെറ പുതിയ രൂപമാണ്; ശുദ്ധമായ രൂപമാണ്; അതിൻെറ ഭാഷാന്തരംതന്നെയാണ് എന്നേ സാധാരണയായി തോന്നൂ. തൻെറ അഭിപ്രായം മറെറാരു ഭാഷയിൽ, ഒരു പക്ഷെ കൂടുതൽ നല്ല ഭാഷയിൽ പ്രകടിപ്പിയ്ക്കുന്നതായിത്തോന്നും. എന്നാൽ അടിസ്ഥാനാശയം തൻെറതുതന്നെയാണെന്നു വിശ്വസിക്കും. അ

യാഠംക്കങ്ങനെ തോന്നുന്നുവെങ്കിൽ നാമതിനെ ഖണ്ഡിയ്ക്കുകയില്ല. ഞാനീനിലയ്ക്കൊരു നിഷ്ഠ പാലിച്ചുപോരികയാണ്. അവസരം കിട്ടുമ്പോഠം തമ്മിലുള്ള അന്തരം മനസ്സിലാക്കുകയും ചെയ്യുന്നു. എന്നാലതിനെ ഖണ്ഡിയ്ക്കാൻ നില്ക്കുകയല്ല. ഇത്രമാത്രം പറയും:— "ഇക്കാര്യത്തിൽ ഞങ്ങളുടെയും നിങ്ങളുടെയും അഭിപ്രായം ഒന്നുതന്നെയാണ്; അതുകൊണ്ട് നിങ്ങളുടെ സഹകരണം തികച്ചും ഞങ്ങഠംക്കു ലഭിയ്ക്കണം"

## പ്രജാസമാജക്കാരും കോൺഗ്രസ്സുകാരും

പ്രജാസോഷ്യലിസ്റ്റ്കാരും കോൺഗ്രസ്സുകാരും ആദ്യംമുതല്ക്കേ ഇതു പറയാറുണ്ട്. "ഈ ആശയം ശ്രേഷ്ഠമാണ്; ഞങ്ങളുടേയും ആശയം ഇതുതന്നെയാണ്." എന്ന് കോൺഗ്രസ്സുകാരിപ്പോഠം അധികം പറയാൻ തുടങ്ങിയിട്ടുണ്ട്. ഇങ്ങനെയായാൽ ഭൂമി, ഖണ്ഡംഖണ്ഡമായിത്തീരും എന്നൊക്കെ ഇവരാദ്യത്തിൽ പറഞ്ഞിരുന്നു. ഇപ്പോഠം അധികം ആക്ഷേപം പറയാറില്ല. അവരിപ്പോഠം ഇതിന്നു് ഐകരൂപ്യം സ്ഥാപിക്കാൻ നോക്കുന്നു. ഈ പ്രവർത്തനവും കോൺഗ്രസ്സിൻെറ പ്രവർത്തനവും ഒന്നുതന്നെയാണെന്നു് ഇടയ്ക്കിടെ പറയുന്നു. ഇത് കോൺഗ്രസ്സിൻെറ പ്രവൃത്തിപദ്ധതിതന്നെയാണെന്നും പറയുന്നു. ഞാനതിനെ എതിർക്കാറില്ല. അതിൽ കുറച്ചു ഭ്രമവുമുണ്ട് കുറച്ചു സത്യവുമുണ്ട്.

## ഭ്രമവും സത്യവും രണ്ടും ആവശ്യമാണ്

ഹൃദയപരിവർത്തനത്തിൻെറ പ്രക്രിയയിൽ ഭ്രമവും സത്യവും രണ്ടുമുണ്ടാകേണ്ടത് ആവശ്യമാണെന്നു എനിയ്ക്കനുഭവപ്പെട്ടിട്ടുണ്ട്. ആദ്യത്തിൽ മനുഷ്യന് ഭ്രമമാണുണ്ടാവുക. അവിടുന്ന് അയാഠംക്ക് കേവലസത്യത്തിലേയ്ക്ക് പോകണം. മനസ്സിൽ കുറച്ചു ഭ്രമത്തിൻെറയും കുറച്ചു സത്യത്തിൻെറയും പ്രതീതിയുള്ളപ്പോഠം അയാഠംക്ക് കേവലഭ്രമത്തിൽനിന്നു് കേവലസത്യത്തിലേയ്ക്ക് പോ

കാൻ വഴിയിലൊരു അടിസ്ഥാനം ലഭിയ്ക്കുന്നു. ആ അവസ്ഥയിൽ പെട്ടെന്നു നാമതിനെ ഖണ്ഡിയ്ക്കാൻ നിന്നാൽ അയാളുടെ ഹൃദയം പതറും; വിരോധമുളവാകയും ചെയ്യും. നാമവരുടെ അടുക്കലേയ്ക്കു ചെല്ലുന്നു എന്നു ധരിച്ചുകൊണ്ടാണവർ നമ്മുടെ അടുത്തേയ്ക്കു വരുന്നത്. അങ്ങനെ കരുതാനയാൾക്കധികാരവുമുണ്ട്. അതിൽ കുറച്ചു ഭ്രമമുണ്ടെങ്കിലും സത്യത്തിൻെറ അംശവുമുണ്ടാകാം. നാം നമ്മുടെ നിലപാടു വിടുകയേയില്ലെന്നും പറഞ്ഞുകൂടാ. നാം കുറച്ചങ്ങോട്ടു ചെല്ലുകയും അവരിങ്ങോട്ടുവരികയും ചെയ്യുന്നു. ഇങ്ങനെ വഴിമദ്ധ്യത്തിൽ കുറച്ചു ഭ്രമത്തിന്നവസരമുളവാകുന്നു. സത്യവിചാരത്തോടെ അതിനെ ഖണ്ഡിയ്ക്കുന്നപക്ഷം അത് അഹിംസയ്ക്ക് പ്രതിബന്ധമായിത്തീരും.

## ഉള്ളിൽത്തറയ്ക്കുന്ന സത്യത്തിൽ അഹിംസ ചുരുക്കമാണ്

ഇപ്പോൾ ഈ വിഷയം കുറെക്കൂടി സൂക്ഷ്മമായത്തീരുന്നു. അഹിംസ സത്യത്തിന്നെതിരായി നില്ക്കുന്നതായിത്തോന്നുന്നു; പക്ഷെ അത് വെറും തോന്നലാണ്. എന്നാൽ യഥാൎത്ഥത്തിൽ സത്യം ഒരിയ്ക്കലും ആഘാതമേല്പിയ്ക്കുകയില്ല; സത്യം ഒരാളുടെ ഉള്ളിൽ തറയ്ക്കുകയുമില്ല. യഥാൎത്ഥത്തിലതു് സത്യമാണെങ്കിൽ അതു് എല്ലായ്പോഴും ജീവദായകമാണ്. അങ്ങിനെ ജീവദായകമായ വസ്തുക്കളെല്ലാം അഹിംസാത്മകങ്ങളായിരിക്കും. അവയൊരിയ്ക്കലും തറയ്ക്കുകയില്ല. അതുകൊണ്ടു് സത്യം തറയ്ക്കുന്നതായി കാണുന്നേടത്ത് അതിൻെറ സത്യതയ്ക്കുതന്നെ എന്തോ കുറവുണ്ടെന്നു കരുതണം. ആ കുറവ് കേവലം അഹിംസയുടെ കുറവല്ല. തറയ്ക്കുന്ന സത്യത്തിൽ അഹിംസയുടെ കുറവ് പ്രത്യക്ഷമാണ്. എന്നാലതിൽ സത്യത്തിൻെറ അംശവും തെല്ലു കുറഞ്ഞുപോകുന്നു. അതുകൊണ്ടുതന്നെയാണതു തറയ്ക്കുന്നത്. അഹിംസയുടെ ദ്ര

ഷ്ട്രീയിലൂടെ ഇത്തരം ഭ്രമത്തെ ഖണ്ഡിയ്ക്കുന്നത് ഉചിതമല്ല. സ്വ ത്വത്തിന്നുവേണ്ടി ഭ്രമത്തെ ഖണ്ഡിയ്ക്കുന്നതാവശ്യമാണെന്നുതോന്നു ന്നുണ്ടെങ്കിൽ അതു തോന്നൽമാത്രമായിരിക്കും; അതു യഥാൎത്ഥമാ വുകയില്ല.

## അഭിപ്രായപരിവൎത്തനത്തിന്നു് ഉദാഹരണങ്ങൾ

ചില രാഷ്ട്രീയകക്ഷികൾ നമ്മുടെ അഭിപ്രായങ്ങളെ കുറെ യെല്ലാം സ്വീകരിയ്ക്കുന്നു. ഈയിടെ രഹസ്യവോട്ടെടുപ്പുകളുടെ കാൎയ്യം നടപ്പിൽവന്നിട്ടുണ്ടു്. രണ്ടുമൂന്നു കൊല്ലമായി നാമതിനെ പ്പററി പറഞ്ഞുകൊണ്ടിരിക്കുന്നു. ആ അഭിപ്രായത്തെ ആളുകളി പ്പോൾ കുറെയൊക്കെ അംഗീകരിച്ചുകഴിഞ്ഞു. മുമ്പുതന്നെ കുറെ സമ്മതിച്ചുകഴിഞ്ഞതാണ്. തീരെ സമ്മതിച്ചിരുന്നില്ലെന്നു പറ ഞ്ഞുകൂടാ. എന്നാൽ മുമ്പ് എന്തുകൊണ്ടോ ഇതു നടപ്പാകയി ല്ലെന്നു തോന്നിയിരുന്നു. ഇപ്പോൾ അതു് നടപ്പാക്കാൻ കഴിയു മെന്നു തോന്നിയിരിക്കും. അപ്പോൾ അതൊരു പരിവൎത്തനംപോ ലെയാണ്. നമ്മുടെ അഭിപ്രായങ്ങൾ കാരണമായി പരിവൎത്ത നമുണ്ടാകുന്നു എന്നൎത്ഥമില്ല. നമുക്ക് അറിയാൻ കഴിയാത്ത ചി ല യാദൃച്ഛികസംഭവങ്ങൾ ലോകത്തിലുണ്ടാകുന്നതാണെന്നു വരാം. എന്നാൽ മനുഷ്യനെ ഒരു പ്രത്യേകകേന്ദ്രത്തിലേയ്ക്കു് ആകൎഷിയ്ക്കാൻ പ്രയത്നിക്കുന്ന ചില പ്രക്രിയകൾ ലോകത്തിൽ നടന്നുവരുന്നതാ യി എനിയ്ക്കു ബോധപ്പെടുന്നു. ശരിയ്ക്കറിഞ്ഞുകൂടെങ്കിലും ഉള്ളി ലനുഭവപ്പെടുന്നു. ആ പ്രയത്നത്തിൻെറ പരിണതഫലമായി നാം അന്യരുടെ അടുക്കലേയ്ക്കു നീങ്ങിയെത്തുന്നു. അതുകൊണ്ടു് ഇന്ന ആൾ ഇന്ന ആളുടെ അഭിപ്രായം പരിവൎത്തനംവരുത്തി എന്നു പറ യുന്ന ഭാഷയും തെററാണ്; ആശയവും തെററാണ്. രഹസ്യവോ ട്ടെടുപ്പു നടത്തേണ്ടതാണെന്നു ഈയിടെ അഭിപ്രായം പുറപ്പെടുവി ച്ചവൎക്കു മുമ്പ് ഇതിന്നെതിരായ അഭിപ്രായമായിരുന്നുവെന്നു ഞാൻ കരുതുന്നില്ല. ആദ്യംമുതല്ക്കേ ആയാളുടെ ഹൃദയത്തിലീ അഭിപ്രായ

മുണ്ടാവുക സംഭാവ്യമാണ്. എന്തോ കാരണവശാൽ അവക്ക് അന്നത് പ്രകടിപ്പിയ്ക്കാൻ കഴിഞ്ഞില്ല; ഇപ്പോൾ പ്രകടിപ്പിയ്ക്കുന്നുവെന്നേയുള്ളു. ഇത് ഞാനൊരുദാഹരണത്തിന്നുവേണ്ടിമാത്രം പറഞ്ഞതാണ്. ഇത്തരം ഹൃദയപരിവൎത്തനത്തിന്നുദാഹരണങ്ങൾ ഇന്ത്യയിലും പുറത്തും നടന്നുകൊണ്ടിരിക്കുന്നു. നമ്മളുമായി മുമ്പ് അധികം ഇണക്കമില്ലാത്തവരുമായി ഇപ്പോൾ ഇണക്കംകൂടിവരുന്നു. ഇണക്കം വൎദ്ധിയ്ക്കുമ്പോൾ അന്തരം ചുരുങ്ങുന്നുവെന്നത് പ്രത്യക്ഷമാണ്. അതുകൊണ്ട് ആ അന്തരത്തിൽ ഊന്നരുത്. നിങ്ങളും ഞങ്ങളും ഒരുപോലെയാണെന്ന് അവർ പറയുന്നപക്ഷം അവർമുഖേനയും ചില പ്രവൎത്തനങ്ങൾ നടക്കട്ടെ എന്നു കരുതി നാമത് അംഗീകരിയ്ക്കുന്നു. പ്രവൎത്തനം നടന്നാൽ പിന്നെ അഭിപ്രായം വിശദമാക്കാനവസരം കിട്ടും. അപ്പോൾ അഭിപ്രായങ്ങളെ വിശദീകരിയ്ക്കാൻ നമുക്കു ശ്രമംചെയ്യാം.

## നമ്മുടെ മനസ്സിൽ കുഴപ്പമുണ്ടാകരുത്

രാഷ്ട്രീയതലങ്ങളിൽ മാത്രമല്ല സാമ്പത്തികതലത്തിലും ഇത്തരം അഭിപ്രായമാററങ്ങൾ വരാറുണ്ട്. ഗവൎമ്മേണ്ട് അംബർചൎക്കയെടക്കമുള്ള പല പല നല്ല കാൎയ്യങ്ങളും ആംശികമായെങ്കിലും അംഗീകരിച്ചിട്ടുണ്ടെന്ന് ഖാദിബോർഡുകാരുടെ പ്രമേയത്തിൽ വായിച്ചപ്പോൾ ഞാനേററവും സന്തോഷിച്ചു. അതിലവർ പറയുന്നു:—"സൎവ്വസേവാസംഘത്തിൻെറ സഹായം ഞങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്നു. അതിനിയും ലഭിയ്ക്കുകയും ചെയ്യും. ഇതിന്നുവേണ്ടിത്തന്നെയല്ലേ സൎവ്വസേവാസംഘം രൂപവൽകരിച്ചിട്ടുള്ളത്." ആ പ്രമേയം വായിച്ചപ്പോൾ എനിയ്ക്കത്യന്തം സന്തോഷമുണ്ടായെന്നു ഞാൻ സമ്മതിയ്ക്കുന്നു. ഈ അഭിപ്രായത്തിൽ യാതൊരു ഭ്രമവുമില്ലെന്നു വെച്ചിട്ടല്ല; ഇത്തരം ഭ്രമം ആവശ്യമാണെന്നുള്ളതുകൊണ്ടുതന്നെയാണ്. നമ്മുടെ മുമ്പിലുള്ള ആൾ ഞാനും നിങ്ങളും ഒന്നാണെന്നു പറയുമ്പോൾ 'അല്ല ഞാനും നിങ്ങ

ളും വേറെയാണെ'ന്നു പറയുന്നതു ശരിയല്ല. ഞാനും നിങ്ങളും ഒന്നാണെന്ന് ആയാാം പറയുമ്പോാം അതു ശരിതന്നെയാണെന്ന് നമ്മളും കരുതണം. സൂക്ഷ്മമായ അന്തരമുള്ളത് അങ്ങിനെയിരുന്നുകൊള്ളട്ടെ. നമ്മുടെ മനസ്സിൽ യാതൊരു കുഴപ്പവുമുണ്ടാകാതിരിയ്ക്കേണ്ടത് ആവശ്യമാണ്. അയാാംക്ക് നമ്മോട് ഐക്യമുണ്ടെന്നു കരുതുമ്പോാം അയാളുമായി നമുക്കന്തരമുണ്ടെന്ന് നാം കരുതുന്നതുചിതമല്ല. ആയാളുടെ പ്രവൎത്തനം നടന്നുകൊള്ളട്ടെ. പ്രവൎത്തനം പുരോഗമിയ്ക്കുമ്പോാം അന്തരം പ്രകടമായിക്കൊള്ളും. അപ്പോാം അയാളും ചിന്തിയ്ക്കാനൊരുങ്ങും. രണ്ടുപേരും പുരോഗമിയ്ക്കും.

## ഒരുതരം ബിംബമുടയ്ക്കൽ

അപ്പോാം ഈ നടക്കുന്ന കാൎയ്യങ്ങളെല്ലാം തീൎച്ചയായും നമ്മളിൽനിന്നു് വ്യത്യസ്തങ്ങളാണ്. എന്നാൽ അവർ നമ്മുടെ ചില അംശങ്ങാം സ്വീകരിയ്ക്കുന്നു. നമ്മോട് ഐക്യംപ്രാപിച്ചതായി കരുതുന്നു. പണ്ഡിത്നെഹ്റു അഖിലേന്ത്യാകോൺഗ്രസ്സു കമ്മിററിയിൽവെച്ച് ഇത്രത്തോളം പറകയുണ്ടായി:—സൎവ്വോദയ ശബ്ദം വളരെ നല്ലതാണ്; ആ ആശയവും നന്ന്. ആ വാക്കു മാത്രമല്ല ആ ചിന്തയും സുന്ദരമാണ്. ഇത് ഇന്നാട്ടിലെ ജനങ്ങളുടെ മനസ്സിൽനിന്നുറന്നതാണ്." ഞാനും ആ യോഗത്തിൽ സന്നിഹിതനായിരുന്നു. അദ്ദേഹം ശരിയ്ക്കു പറഞ്ഞ വാചകമല്ല ഞാൻ പറഞ്ഞത്; എന്നാലദ്ദേഹം പറഞ്ഞ ആശയമിതുതന്നെയാണ്. അദ്ദേഹം പറഞ്ഞു "ഈ വാക്ക് എല്ലാവിധേനയും അഴകുററതാണ്. എന്നാൽ നാമതിന്നൎഹരായെന്നു തോന്നുന്നില്ല ആ സ്ഥിതിയിൽ നാം ആ പേർ പറയുകയും നമ്മുടെ പ്രവൃത്തി അതിൽനിന്നു് കുറെ വ്യത്യസ്തമായിരിയ്ക്കുകയും ആണെങ്കിലോ? അതു തെററുതന്നെയാണ്. അതുകൊണ്ടാണിപ്പോാം സോഷ്യലിസ്റ്റ്

സ്റ്റാറിൻെറ (സമുദായവാദം) കാര്യം പറയുന്നത്. 'സമാജവാദമെന്നു പറയുമ്പോൾ അതിന്നു് പ്രത്യേകം ഒരർത്ഥവുമില്ല; അതിന്നു് അനേകം അർത്ഥങ്ങളുണ്ട്. ഇതു ശരിയാണ്. എന്നാൽ എല്ലാവക്കും മനസ്സിലാക്കാൻ പററുന്നതരത്തിൽ ചില ആശയങ്ങൾ അതിൽനിന്നുളവാകുന്നുണ്ട്.' അദ്ദേഹം പറഞ്ഞതിൻെറ സാരമിതായിരുന്നു. "സർവ്വോദയം നല്ലതാണ്. ഞങ്ങളും സർവ്വോദയത്തിലേയ്ക്കെത്താനാണ് ശ്രമിയ്ക്കുന്നത്; അതിന്നായി ശ്രമിക്കുകയും ചെയ്യും" എന്നവർ പറയുന്നപക്ഷം അവരവകാശപ്പെടുന്നത് ശരിതന്നെയാണ്. ക്രമത്തിൽ അവർ ആ വാക്കിൻെറ ശരിയായ അർത്ഥം മനസ്സിലാക്കിക്കൊള്ളും. അവർ പറയുന്നത് നാം മനസ്സിലാക്കും. നാം പറയുന്നത് അവരും മനസ്സിലാക്കും. അതിനാൽ അവർ അവകാശപ്പെടുന്ന കാര്യത്തെ ഞാൻ ഖണ്ഡിയ്ക്കുന്നില്ല അത്തരത്തിലുള്ള ഖണ്ഡനം ഒരുതരത്തിൽ ബലംബലമുടയ്ക്കലാണ്, ആ ക്രിയ അഹിംസയ്ക്കു് വിഘാതവുമാണ്.

## ഉപാസനാദൃഷ്ടിയും ജ്ഞാനദൃഷ്ടിയും

ഇപ്പോൾ രണ്ടുതരത്തിലാലോചിയ്ക്കാം. 'ഇന്ന് നാം സർവ്വോദയം രൂപവൽക്കരിയ്ക്കുകയല്ല. എന്നാൽ സർവ്വോദയം സ്ഥാപിയ്ക്കുക നമ്മുടെ ലക്ഷ്യമായിക്കഴിക്കുന്നു. അതുകൊണ്ടു നാം സർവ്വോദയക്കാരാണ്'! എന്നു പറയുന്നതാണ് ഒരു മാർഗ്ഗം. 'നാം സർവ്വോദയം വരുത്താനാഗ്രഹിയ്ക്കുന്നുണ്ടെങ്കിലും ഇന്നത് സാധിയ്ക്കുന്നില്ല. അതുകൊണ്ടിന്ന് നാം സർവ്വോദയശബ്ദം ഉപയോഗിയ്ക്കുകയില്ല'! ഇതാണ് രണ്ടാമത്തെ മാർഗ്ഗം. ഈ രണ്ടു പദ്ധതിയിലും മെച്ചങ്ങളുണ്ട്. ആദ്യത്തെ പദ്ധതിയിൽ ഉപാസനയുടെ മാത്രയാണധികമെങ്കിൽ രണ്ടാമത്തേതിൽ ജ്ഞാനമാണ്. "ഞാൻ ബ്രഹ്മമാണ്; ഈ ശരീരപിണ്ഡമല്ല' എന്നു പറഞ്ഞതുകൊണ്ടുമാത്രം ഞാൻ ശരീരത്തിൽനിന്ന് വേർപെടുന്നില്ല. എ

ന്നാൽ ഞാൻ ശരീരത്തിൽ നിന്ന് വേർപെടാനും ബ്രഹ്മമായി തീരാനും ആഗ്രഹിയ്ക്കുന്നുണ്ടെന്നത് തീച്ച്യയാണ്. ആ ദൃഷ്ടിയിലൂടെ ഞാനിന്നുതന്നെ 'ബ്രഹ്മമാണ്' 'ശരീരത്തിൽനിന്നു ഭിന്നനാണ്' എന്നു ജപിച്ചുകൊണ്ടിരിയ്ക്കയാണ്. ഈ ജപം പ്രത്യക്ഷമായ വസ്തുസ്ഥിതിയോടു യോജിയ്ക്കുന്നില്ല എന്ന അൎത്ഥത്തിലിതൊരുഭ്രമംതന്നെയാണ്. പക്ഷേ ആ ഭ്രമം പരമസാത്ത്വികമാണ്; അത്യാവശ്യവുമാണ്. 'ഞാൻ ബ്രഹ്മമാണെന്നു ഇന്നു പറയുമ്പോഠം 'ഞാൻ ബ്രഹ്മമാകാനാഗ്രഹിയ്ക്കുന്നു' എന്നു മാത്രമാണ് ഇന്നത്തെ അൎത്ഥം. ഒരാഠംക്ക് ആഗ്രഹമുണ്ടാകുമ്പോഠം അയാളുടെ പ്രിയപദാൎത്ഥവുമായി അയാളുടെ ഹൃദയം തന്മയമായിത്തീരുന്നു. ഈ വീക്ഷണത്തിന്നനുസരിച്ച് അയാഠം പറയുന്നതിൽ സത്യമുണ്ട്. ഇതാണ് ഉപാസനാപദ്ധതി! ഇന്നു നാം സൎവ്വോദയം അവകാശപ്പെടുന്നതിൽ ഉപാസനാവീക്ഷണമാണുള്ളത്. പണ്ഡിററ് നെഹ്റു പറയുന്നതിങ്ങനെയാണ്'' നാം സൎവ്വോദയം വരണമെന്നാഗ്രഹിയ്ക്കുന്നുണ്ട്. എന്നാൽ സൎവ്വോദയസിദ്ധാന്തത്തെ ആധാരമാക്കി പ്രവൎത്തിയ്ക്കാൻ സാധിയ്ക്കുന്നില്ല. അതുകൊണ്ട് ആ പേരും ഉപയോഗിയ്ക്കുന്നില്ല. ഇതിൽ ജ്ഞാനദൃഷ്ടിയാണുള്ളത്. സൎവ്വോദയമെന്ന ശബ്ദം പ്രയോഗിയ്ക്കുന്നതുകൊണ്ട് വലിയ കാൎയ്യം നേടാമെന്നു വരുന്നില്ല. നാം ആ പേർ പറയുന്നതുകൊണ്ടും മെച്ചമുണ്ട്. നെഹറു ഇപ്പോഠം അതുപയോഗിയ്ക്കാത്തതിലുമുണ്ടു മെച്ചം. നാം ആ പേരുപയോഗിയ്ക്കുന്നതുകൊണ്ട് അതിന്നനുസരിച്ചുചിതമായവിധം പ്രവൎത്തിയ്ക്കുന്നു എന്നൎത്ഥമില്ല. മേലിൽ പ്രവൎത്തിയ്ക്കാനാഗ്രഹിയ്ക്കുന്നു. എന്നാൽ നമ്മുടെ നല്ല വിചാരത്തിന്ന് ലക്ഷ്യപ്രാപ്തിയുടെ രൂപംനല്കി ഒരു ഭ്രമത്തെ അവലംബിച്ചുകൊണ്ടുതന്നെ ഉപാസനചെയ്യുകയാണ് നാം. ഇത് ഉപാസനാപദ്ധതിയാണ്. ജ്ഞാനദൃഷ്ടികൊണ്ടു നോക്കുന്നവർ ഇങ്ങനെ പറയുന്നു.—"ഇല്ല; ഞാൻ അതിന്നൎഹതനേടുന്നതുവരെ സൎവ്വോദയമെന്ന് അവകാശപ്പെടുകയില്ല."

## വസ്തുനിഷ്ഠ

"തദ് ബ്രഹ്മനിഷ്ഠളമഹം നചഭൂതസംഘ:" എന്ന ഒരു പ്രസിദ്ധ ശ്ലോകമുണ്ട്. ഇതിന്റെ അർത്ഥത്തെ സംബന്ധിച്ച് ഞാനും കിശോരലാൽ ഭായിയുമായി വാഗ്വാദം നടന്നിരുന്നു. ആശ്രമം ആരംഭിച്ചകാലത്തു നടന്ന കഥയാണ്. അദ്ദേഹം ഇതിനെപ്പററി പറഞ്ഞിരുന്നതിങ്ങനെയാണ്. "ഈ ശ്ലോകം എനിയ്ക്ക് ശരിയായിത്തോന്നുന്നില്ല. എനിയ്ക്കിതനുഭവമാകുന്നില്ല. പുലച്ചമുതൽ രാത്രിയാവോളം ഭക്ഷണം സ്നാനം മുതലായ ശരീരസേവനങ്ങരം നടക്കുന്നു. ചിന്തിച്ചുകൊണ്ടിരിയ്ക്കെ ഞാൻ ദേഹത്തിൽനിന്നു് ഭിന്നനാണെന്നു തോന്നും. ഏററിയാൽ അഞ്ചോ പത്തോ മിനുട്ടുവരെ, ആ വിചാരം നില്ക്കും. ഇരുപത്തിനാലുമണിക്കൂറിന്നിടയ്ക്ക് അഞ്ചുപത്തുമിനുട്ടൊഴിച്ച് ബാക്കി സമയം ദേഹത്തെ ശുശ്രൂഷിച്ച് ദേഹാത്മാവായിക്കഴിയുന്നു. അതുകൊണ്ട് "ഞാൻ ദേഹമല്ല ആത്മാവാണ്" എന്നു പറയുന്നത് എനിയ്ക്ക് നിസ്സാരമായിത്തോന്നുന്നു. ഞാനീ ശ്ലോകം ചൊല്ലുകയില്ല. അദ്ദേഹം ഇങ്ങിനെയൊക്കെ വാദിയ്ക്കാറുണ്ടായിരുന്നു. ഇതിലുള്ള ഭ്രമത്തിന്റെ അംശം ഉപാസനയുടേതാണെന്ന് ഞാനദ്ദേഹത്തെ സമാധാനിപ്പിയ്ക്കാറുണ്ടായിരുന്നു. ഈ വാദം ഒടുവിലവസാനിച്ചു. ഒടുവിലദ്ദേഹം അയച്ച ഒരെഴുത്തിൽ ഇങ്ങിനെ എഴുതിയിരുന്നു. "മുമ്പ് ഞാനാക്ഷേപം പ്രകടിപ്പിച്ചിരുന്ന ശ്ലോകം ഇന്നെനിയ്ക്ക് ഏററവും ശ്രേഷ്ഠമായിത്തോന്നുന്നു. ഇതു കേരംക്കുന്നതിൽ നിങ്ങരംക്ക് സംതൃപ്തിയുണ്ടായിരിക്കും; അതേ ശ്ലോകമാണ് ഇന്നെനിയ്ക്കുപകരിയ്ക്കുന്നത്" ചുരുക്കമിതാണ്: വൃത്തിഭേദം കാരണമായി ചിലർ ജ്ഞാനത്തിലൂന്നിനില്ക്കുന്നു; ചിലർ ഉപാസനയിലും. ജ്ഞാനത്തിലുള്ള ഊന്നൽ കൂടുതൽ വസ്തുനിഷ്ഠ (റിയലിസ്റ്റ്) മായിരിക്കും; ഉപാസനയിലൂന്നുന്നത് കൂടുതൽ ആശയനിഷ്ഠവും (ഐഡിയലിസ്റ്റിക്ക്"); അതുകൊണ്ടതിൽ കുറച്ചുഭാഗം ഭ്രമമുണ്ട്. ഈ നിലയ്ക്ക് അഭിപ്രായപ

രിവത്തനത്തിൻെറയോ ഹൃദയപരിവത്തനത്തിൻെറയോ പ്രക്രിയയിൽ ചില ജനങ്ങളും കക്ഷികളും നമ്മോടടുത്തുവരികയും നാമറിഞ്ഞോ അറിയാതെയോ തെല്ലങ്ങോട്ടടുക്കുകയും ചെയ്യുമ്പോഴും ഉളവാകുന്ന ഐക്യഭാവനയെ നാം ഒരിയ്ക്കലും ഖണ്ഡിയ്ക്കരുത്. പകരം ആ ഐക്യഭാവനയെ സ്വീകരിയ്ക്കുകതന്നെ വേണം. ആ ഐക്യം യാഥാത്ഥ്യമായിത്തീരാൻ നാം പ്രയത്നിയ്ക്കുകതന്നെവേണം. പ്രവത്തിച്ചുകൊണ്ടിരുന്നാൽ നാം കൂടുതൽ അടുത്തുവരും. അപ്പോഴും വിചാരങ്ങളിലുള്ള അന്തരം കൂടുതൽ വിശദമായിത്തീരും:

## സത്യം തുറന്നിരിയ്ക്കും

അഹിംസയിൽ അഭിപ്രായപരിവത്തനത്തിൻെറയും ഹൃദയപരിവത്തനത്തിൻെറയും പ്രക്രിയയാണ് മുഖ്യമായ അംശം. അതുകൊണ്ടാണ് ഞാനിത്രത്തോളം പറഞ്ഞത്. ആ പ്രക്രിയ ഏതുവിധത്തിലാണ് പ്രകടമാകുന്നത് ഏതുവിധത്തിലാണതു പ്രവത്തിയ്ക്കുന്നതു് എന്ന കായ്യത്തിൽ ശ്രദ്ധപതിപ്പിച്ച് നാം സത്യത്തിൽ തെററായി പിടിച്ചുനില്ക്കരുത്. നാം സത്യത്തെ തിരിച്ചറിയുമ്പോളതൊരിയ്ക്കലും ഒളിഞ്ഞിരിയ്ക്കുകയില്ല; തുറന്നുതന്നെയിരിക്കും എന്നു നാം വിശ്വസിക്കണം. ബുദ്ധി തുറക്കാതെ സത്യം വെളിവാകുകയില്ല. നാം വാക്കുകൊണ്ടൊരാളെ എത്രതന്നെ ബോധ്യപ്പെടുത്തിയാലും എന്തുതന്നെ ചെയ്താലും അയാളുടെ ബുദ്ധി തെളിയുന്നതുവരെ എൻെറ അഭിപ്രായത്തിൽ സത്യം തെളിവാകയില്ല. അതുകൊണ്ട് സത്യം വെളിവാക്കുന്ന കായ്യത്തിൽ നാം വിചാരപ്പെടേണ്ടതില്ല. ഒന്നാവാം, സത്യം ബോധ്യപ്പെടുത്തുന്നതിനെക്കുറിച്ച് തീച്ചയായും ചിന്തിയ്ക്കാം. തൻെറ മനസ്സിൽ തീച്ചയായും സത്യം

ബോധ്യമാകണം. പക്ഷെ നമ്മുടെ മുമ്പിലുള്ള ആ൦ മനസ്സിലാക്കുന്നതിന്നനുസരിച്ചേ സത്യത്തെ പ്രകടമാക്കാവൂ. ഈ പ്രക്രിയ അഹിംസയ്ക്കു് ഏററവും അനുകൂലമായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. സത്യത്തെ സംബന്ധിച്ചും ഇതനുകൂലമായിരിക്കും; ഒരിക്കലും പ്രതിബന്ധമാവുകയില്ല.

ധർമ്മപുരി (പ്രവചനത്തിൽനിന്നു്)
5-8-'56

# 2. അഖിലഭാരതീയ സേവനം ആപത്തിൽ

ഇക്കാലത്ത് അഖിലഭാരതീയസേവനം ആപത്തിൽ പെട്ടിരിക്കയാണ്. ഇംഗ്ലീഷുകാരോടെതിൎക്കേണ്ടിവന്നിരുന്ന കാലത്ത് എല്ലാവൎക്കും പൊതുവിലൊരു വിപത്തുണ്ടായിരുന്നു. അതുകൊണ്ടെല്ലാവരും തങ്ങളുടെ നിസ്സാരങ്ങളായ വഴക്കുകളും ആക്ഷേപങ്ങളും മറന്നിരുന്നു. അവർ ഉള്ളിലുള്ള ദ്വേഷം കൈവിട്ടിരുന്നുവെന്നൎത്ഥമില്ല; മറന്നിരുന്നു എന്നേ പറയേണ്ടു. അങ്ങിനെ ഒരഖില ഭാരതീയ സേവനരീതി പ്രത്യക്ഷമായിരുന്നു. നമ്മുടെ ചിന്താസരണിയിൽ നേതൃത്വത്തിന്റെ പ്രശ്നമേ ഉത്ഭവിയ്ക്കാത്തതുകൊണ്ട് ഞാൻ നേതൃത്വത്തിന്റെ കാൎയ്യമല്ല പറയുന്നത്. സേവകത്വം സാഹോദൎയ്യം മൈത്രീ എന്നീ വിഷയങ്ങളേ നമ്മുടെ ചിന്തയിൽ വരുന്നുള്ളു. ഇപ്പോൾ ഭാഷകളെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങൾ വിഭജിയ്ക്കാൻ പോകുന്നതുകൊണ്ട് ഓരോ സംസ്ഥാനത്തിലേയും ഭരണകാൎയ്യങ്ങൾ അതാതു ദേശത്തെ ഭാഷയിൽ നടക്കും; അതുചിതവുമാണ്. ജനങ്ങൾ സാധാരണയായി ആ സംസ്ഥാനത്തിന്റെ കാൎയ്യങ്ങളേ ആലോചിയ്ക്കു. അതിനാൽ അഖിലേന്ത്യാ സേവനകാൎയ്യം അഴഞ്ഞുപോകുന്നത് സ്വാഭാവികമാണ്. 'ഭരണമുക്തി' നടപ്പിൽവരുന്നതുവരെ ഏതുനിലയിലും കേന്ദ്രഗവൎമ്മെണ്ടു പ്രവൎത്തിയ്ക്കും. കേന്ദ്രഗവൎമ്മെണ്ടിലേയ്ക്കു് തിരഞ്ഞെടുക്കപ്പെടുന്നവർ അഖിലേന്ത്യാ നേതാക്കന്മാർതന്നെയായിത്തീരും. അവരുടെ മനസ്സതിന്നനുകൂലമോ പ്രതികൂലമോ എന്ന പ്രശ്നമേ ഉളവാകുന്നില്ല. തങ്ങൾക്ക് കിട്ടുന്ന സ്ഥാനം നിമിത്തം അവർ അഖിലേന്ത്യാ

കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കും. അവർ ഇന്ത്യയ്ക്കു മുഴുവനുംവേണ്ടി എന്തെങ്കിലും സംസാരിച്ചുകൊണ്ടിരിക്കും. ഇതു് അഖിലേന്ത്യസേവകത്വമായി ഞാനെണ്ണുകയില്ല. ശരിയായ അർത്ഥത്തിലതു സേവകത്വമല്ല. അതിലുള്ളതു് കുറച്ചധികാരത്തിന്റെ കാര്യമാണു്; ഭരണശക്തിയാണു്. അവിടെ സ്ഥാനത്തിരിയ്ക്കുന്നവർ കേവലം സേവനത്തിന്നായി ഭരണാധികാരമുപയോഗിച്ചുവെന്നുവരാം; അതുവേണംതാനും. എന്നാൽ അതിൽ അധികാരത്തിന്റെ അംശമുണ്ടാകുമെന്നതു് തീർച്ചയാണു്. അതിനാൽ ഞാനതിനെ സേവനമായി ഗണിയ്ക്കുകയില്ല. കേന്ദ്രഗവർമ്മെണ്ടല്ലേടത്തോളംകാലം അഖിലേന്ത്യാ സേവകത്വം ചിലരുടെ പേരിൽ ചുമത്തപ്പെടുകതന്നെ ചെയ്യും. എന്നാൽ അങ്ങിനെ ചുമത്തപ്പെടുന്ന ഒരു വസ്തുവിൽനിന്നു് അനുഭൂതിയുണ്ടാവുകയില്ല. ഇന്നു് പണ്ഡിററ് നെഹ്റുവുണ്ടു്. അദ്ദേഹം പ്രധാനമന്ത്രിയായതുകൊണ്ടല്ല അഖിലേന്ത്യാ നേതാവായതു്. അദ്ദേഹം സ്വതന്ത്രനിലയിൽത്തന്നെ അഖിലേന്ത്യാ നേതാവാണു്. അതിന്നുപുറമെ പ്രധാനമന്ത്രിയുമാണു്. മററാരാൾ പ്രധാനമന്ത്രിയായാൽ അതുകൊണ്ടുമാത്രം ആയാൾ അഖിലേന്ത്യാ സേവകനാകുമെന്നു് ഞാൻ കരുതുന്നില്ല. വളരെപ്പേരുടെ സമ്മതത്തോടുകൂടി തിരഞ്ഞെടുക്കപ്പെടുന്നതാകകൊണ്ടു് പ്രധാനമന്ത്രി കുറെയൊക്കെ സേവകനാണെന്നു സമ്മതിക്കാം. കുറെയൊക്കെ സേവനപാരമ്പര്യം ഉള്ളവരെ മാത്രമേ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കുകയുള്ളു. എന്നാൽ ബാക്കി മന്ത്രിമാരാകുന്നവർ ഹൃദയംകൊണ്ടു്, അഖിലേന്ത്യാ സേവകന്മാരാകുമെന്നു് കരുതാൻ നിവൃത്തിയില്ല. അതിനാൽ അഖിലേന്ത്യാ സേവകത്വത്തെ കേന്ദ്രഗവർമ്മെണ്ടിൽ ചെന്നുകേറുന്നവർ സംരക്ഷിച്ചുകൊള്ളുമെന്നു കരുതി മിണ്ടാതിരുന്നുകൂടാ. അതിനെ എങ്ങിനെ നിലനിർത്താമെന്നകാര്യം നാമാലോചിക്കണം. ഈ വിഷയത്തിൽ സർവ്വസേവാസംഘത്തെപ്പോലുള്ള സ്ഥാപനങ്ങൾക്കു് കുറെയൊക്കെ ചെയ്യാൻ കഴിയും.

## സേവനത്തിൽ പ്രാദേശികത്വം കൈവിടണം

രണ്ടുനാലുകൊല്ലംമുമ്പ് ഞാൻ കൃഷ്ണദാസിനോട് സേവനപ്രവൎത്തനത്തിന്നായി തെക്കേ ഇന്ത്യയിലേയ്ക്കു് പോകണമെന്നും അവിടത്തെ ഭാഷ പഠിയ്ക്കണമെന്നും പറഞ്ഞിരുന്നു. അങ്ങനെയുള്ള ആളുകൾ തമിൾനാട്ടിൽ സേവനംചെയ്യുന്നതായിക്കാണാം. അതുപോലെ ഒറീസ്സയിൽ സേവനംചെയ്യുന്ന ഈശ്വരലാലുണ്ട്. ഇത്തരക്കാരുടെ സംഖ്യ വൎദ്ധിയ്ക്കുന്നതിന്നനുസരിച്ചാണ് അഖിലേന്ത്യാ സേവകത്വം ജീവിയ്ക്കുക. വിവിധഭാഷ സംസാരിക്കുന്നവർ വിവിധസംസ്ഥാനങ്ങളിൽ സേവനത്തിന്നായി പോകേണ്ടത് ആവശ്യമാണ്. ജോലികൾക്ക് നിയമിക്കുന്നവരിൽ ഒരു നിശ്ചിതസംഖ്യ പുറംസംസ്ഥാനക്കാരാകണമെന്ന് ഗവൎമ്മെണ്ടിന്റെ പദ്ധതിതന്നെയുണ്ട്. ഗവൎമ്മെണ്ട് ആ ചെയ്യുന്നത് ശരിതന്നെയാണ്. അവരാലോചിയ്ക്കുന്ന സമ്പ്രദായവും ശരിയാണ്. എന്നാലതുകൊണ്ടുമാത്രം കാൎയ്യമാവില്ല. ജനങ്ങളുടെ ഭാഗത്തുനിന്നുതന്നെ ചില കാൎയ്യങ്ങൾ നടക്കണം. ഈ വീക്ഷണത്തോടുകൂടിയും നാം ചിന്തിയ്ക്കണം: ആരെല്ലാമാണ് തങ്ങളുടെ സംസ്ഥാനത്തിന്നു പുറമെചെന്നും സേവനകാൎയ്യത്തിൽ ബന്ധപ്പെട്ടിട്ടുള്ളതെന്നും ആ ബന്ധം വളൎത്തുന്നതെന്നും നാം ആലോചിയ്ക്കേണ്ടതുണ്ട്. ഒരു സേവകന്റെ മനസ്സിൽ പ്രാദേശികചിന്തയേ ഉണ്ടാകാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കണം. സേവനത്തെക്കുറിച്ചുള്ള വിശുദ്ധചിന്തയിൽ പ്രാദേശികത്വം മുഴുവനും ലയിച്ചുപോകണം. ഈ വീക്ഷണം നമുക്കുണ്ടായിരിക്കണം. അഹിംസയ്ക്കിത് അത്യാവശ്യമാണ്. അല്ലെങ്കിൽ ജാതിഭേദമെങ്ങാനും സ്ഥിരമായുറച്ചുപോയാൽ മററുള്ളവരെ സംബന്ധിച്ചേടത്തോളം അതു വളൎന്നുകൊണ്ടേ വരും. "മററു ഭാഷക്കാർ നമ്മൾക്കെന്തുഗുണമാണ് ചെയ്യുക?" 'അയാൾക്കെന്തു സേവനംചെയ്യാൻ കഴിയും?' "ഒന്നും കഴിയില്ല." എന്നിത്തരം ചിന്തകളുണ്ടായേയ്ക്കും. മററുഭാഷക്കാൎക്കു ചെ

യ്യാൻ കഴിയില്ലെന്നുറച്ചുകഴിഞ്ഞാൽ പിന്നെ ബ്രാഹ്മണന്ന് ചെയ്യാൻ കഴിയില്ല എന്നാകും. ഇന്നിതുതന്നെയാണ് നടക്കുന്നത്. ഇന്ന പ്രതിനിധി ബ്രാഹ്മണരുടെ താൽപര്യത്തെയാണ് പ്രതിനിധീകരിക്കുന്നത്; ഇയാൾക്കിന്ന താൽപര്യമാണ്; ഈയാൾക്ക് മുസ്ലീംതാൽപര്യമാണ് എന്നിങ്ങിനെയുള്ള ചിന്തകൾ വദ്ധിയ്ക്കും. അപ്പോൾ മുസൽമാൻെറ കാര്യം മുസൽമാൻ നോക്കുക. അവണ്ണരുടെ കാര്യം അവണ്ണർ നോക്കുക എന്നൊക്കെ കരുതേണ്ടിവരും. ഇങ്ങിനെ കണക്കാക്കിയാണ് പദ്ധതികൾ നിർമ്മിയ്ക്കുന്നത്.

## സംസ്ഥാനങ്ങളിൽ സേവനം

ഈ ഗണനകളെല്ലാം തെററാണ്; തെററാണെന്നു തെളിയിക്കുകയും വേണം. ഈ വീക്ഷണത്തോടുകൂടിയും നാം ചിന്തിയ്ക്കണം. ചില പ്രവത്തനപരിപാടികളും രൂപവൽക്കരിയ്ക്കണം. ഈ നിലയ്ക്കു നോക്കുമ്പോൾ ഒറീസ്സയിൽ അണ്ണാസാഹബ്ബ് സേവനമനുഷ്ഠിയ്ക്കുന്നത് എനിയ്ക്ക് വളരെ സംതൃപ്തിയുളവാക്കുന്നുണ്ട്. ഇതിന്നുവേണ്ടിയുള്ള പല മാര്ഗ്ഗങ്ങളും കണ്ടുപിടിയ്ക്കാൻ സർവ്വസേവാസംഘത്തിന്നു കഴിയും. ഇങ്ങിനെ സേവനംചെയ്യാനൊരുങ്ങിയ സംഘങ്ങളുണ്ടാകുന്നേടത്തോളം അവയുടെ ആവശ്യം വദ്ധിയ്ക്കും. ചില സംസ്ഥാനങ്ങളുടെ ചിതറിക്കിടക്കുന്ന ഖണ്ഡങ്ങൾ ഒരുക്കൂട്ടി ഒരു പുതിയ സംസ്ഥാനമുണ്ടാകുന്നു. ഉദാഹരണത്തിന്നു് കണ്ണാടകത്തെയെടുക്കാം. മുമ്പിത് പല ഖണ്ഡങ്ങളായി വിഭജിച്ചുകിടന്നിരുന്നു. ആന്ധ്രയും മഹാരാഷ്ട്രവും ഗുജറാത്തും പുതുതായി രചിക്കുന്ന മദ്ധ്യപ്രദേശവും എല്ലാം ഇങ്ങിനെതന്നെ. ഇവയെല്ലാം വിവിധഖണ്ഡങ്ങൾ ചേത്തുണ്ടാക്കിയതാണ്. മദ്ധ്യപ്രദേശത്തിൻെറ കാര്യം ഞാൻ വിട്ടേയ്ക്കാം. അതൊരു പ്രത്യേക-

പരിതസ്ഥിതിയിൽ രൂപംകൊണ്ടതാണു്. ബാക്കി പറഞ്ഞവയെല്ലാം ഒരു ഭാഷ സംസാരിയ്ക്കുന്നവയാണെങ്കിലും ഇതേവരെ അനേകഭാഗങ്ങളായി വിഭജിച്ചാണു് കിടന്നിരുന്നതു്. ഇപ്പോളവ ഒന്നിച്ചു ചേരുകയാണു്. അവയ്ക്കു് ഒത്തുചേരാനുള്ള ഐകരൂപ്യമുണ്ടു്. തങ്ങളുടെ സംസ്ഥാനമൊന്നായിത്തീരണമെന്നവർ ആഗ്രഹിച്ചു. എന്നാൽ സംസ്ഥാനം ഒന്നായിത്തീർന്നുകഴിഞ്ഞാൽ കാണാം അവർ തമ്മിലുള്ള അഭിപ്രായഭേദങ്ങൾ തലപൊക്കുന്നതു്. ഈ ഐക്യത്തിന്നു് എന്താണു് പേർ നല്കേണ്ടതു്? 'ആദ്ധ്യാത്മിക'മെന്നു പറഞ്ഞാലതു വലിയ വാക്കായിപ്പോകും. 'സാംസ്കാരികൈക്യ'മെന്നു പറഞ്ഞാൽ ഒരേകദേശബോധമുണ്ടാകാം. എന്തു പറഞ്ഞാലും ശരി അതിലൊരു ഏകഭാവനയുണ്ടു്.

ശങ്കരറാവ്ദേവ്:—"അതിനെ 'ഇമോഷ്യനൽ' ഭാവനാത്മകമെന്നു പറയാം."

ഭൂദാനംകൊണ്ടു് ആന്തരമായ ഐക്യഭാവന.

വിനോബാജി:— അതെ. എന്നാൽ ഈ ഭാവന എത്രത്തോളം വ്യാപകമാകുന്നുവോ അത്രത്തോളം നമ്മുടെ പ്രവൎത്തനപരിധിയും വിസ്തൃതമായിത്തീരും, എന്നതാണു് ഈ ഭാവനാത്മകതയുടെ തത്വം. അതുകൊണ്ടു് ശരിക്കു് അളന്നുമുറിച്ച ഒരൎത്ഥം ആ വാക്കിൽനിന്നു കിട്ടുകയില്ല. ഇമോഷ്യനൽ (ഭാവനാത്മകം) എന്നു പറയുന്നപക്ഷം പൂനക്കാരനായ ഒരാൾക്കു് നാഗപൂരിനോടുണ്ടാകുന്നതിലേറെ വികാരപരത്വം കാശിയോടുണ്ടാകുന്നതാണു് സ്വാഭാവികമെന്നു തോന്നുന്നു. ഞാനിതൊരുദാഹരണത്തിന്നു് പറഞ്ഞതാണു്. ഭാവനാശബ്ദത്തിന്നു് നാമുദ്ദേശിക്കുന്ന മുഴവൻ അൎത്ഥത്തെയും പ്രകടിപ്പിക്കാൻ കഴിയുകയില്ല. എനിയ്ക്കെന്റെ കൈവശത്തിലിനിയും വാക്കില്ല. ചുരുക്കമിതാണു്: ഉള്ള ഐക്യഭാവന ഭൂദാനംകൊണ്ടും മററു പ്രവൎത്തനംകൊണ്ടും നിലനിൎത്തും. രാ

ഷ്ട്രീയക്കുട്ടക്കിൽ പെട്ടാൽ ഉണ്ടാകുന്നത് നിങ്ങളുടെ സംസ്ഥാനത്തിൽനിന്ന് രണ്ടു മന്ത്രി, എന്റെ സംസ്ഥാനത്തിൽനിന്ന് രണ്ടു മന്ത്രി—എന്നിത്യാദി വാദങ്ങളാണ്. അവയെല്ലാം പുറംകാര്യങ്ങളാണ്. അതിൽനിന്ന് ആഭ്യന്തരമായ ഒരു ഏകാത്മത സാധിക്കുകയേയില്ല. അത്രയുമല്ല, അതുകൊണ്ട് തകരാറുണ്ടാകാനാണെളുപ്പം.

## ഹിംസയുടെ ആക്രമണത്തെ എങ്ങിനെ ചെറുക്കാം?

അന്തരിക്ഷത്തിൽ ഹിംസ വ്യാപിച്ചുകഴിഞ്ഞിരിയ്ക്കുന്നു എന്നുള്ളതാണ് വലിയ പ്രശ്നം. ഹിംസകൊണ്ടു ചില കാര്യം സാധിക്കുന്നതായി ജനങ്ങൾക്ക് വിശ്വാസം വരുന്നുണ്ട്. ചിലതെല്ലാം സാധിയ്ക്കുന്നുമുണ്ട്. അത് മുമ്പും സാധിച്ചിരുന്നു; ഇന്നും സാധിക്കുന്നുണ്ട്. എന്നാൽ ആ സാധിയ്ക്കുന്ന കാര്യങ്ങളെല്ലാം നിഷ്ഫലങ്ങളാണ്. ഇനി ഫലമുണ്ടായാൽത്തന്നെ അതുകൊണ്ട് നാട്ടിന്ന് നാശമേ വരൂ. ഇതെല്ലാം അഹിംസയെക്കുറിച്ചുള്ള വിചാരപരമ്പരയിൽ വരും. അഹിംസയുടെ ഈ വിചാരപരമ്പരയെ ഇന്ന് ശരിയായി ഖണ്ഡിച്ചുവരുന്നുണ്ട്. പറയുമ്പോൾ എല്ലാവരും അഹിംസക്കാരാകും. എന്നാൽ യഥാർത്ഥത്തിലിന്നു ഇന്ത്യയുടെ സ്ഥിതി ചഞ്ചലമാണ്. ഗാന്ധിജി സ്ഥാപിച്ച വിശ്വാസപ്രമാണങ്ങൾ രണ്ടു പ്രകാരത്തിലും ലംഘിയ്ക്കപ്പെടുന്നു. ചിലർ അവയെ ഏകപക്ഷീയമാണെന്നുവെച്ച് വിട്ടുകളയുന്നു. മററു ചിലർ തങ്ങൾ ആ വിശ്വാസപ്രമാണങ്ങൾക്ക് തികച്ചും പ്രായോഗികമായ അർത്ഥം കല്പിയ്ക്കുന്നതായും അവയെ തങ്ങൾ മാത്രം നടപ്പിൽവരുത്തുന്നതായും കരുതി വിട്ടുകളയുന്നു. അതു ഉപേക്ഷിയ്ക്കുമ്പോഴും തങ്ങൾ ഗാന്ധിജിയുടെ അഭിപ്രായങ്ങളെ പ്രായോഗികമാക്കി നടപ്പിൽവരുത്തുകയാണെന്നു് സമാധാനിയ്ക്കുന്നു. നായ

കാജി എഃന്നാട് ബൈബിറം പ്രചരിപ്പിയ്ക്കുന്ന കാൎയ്യം പറയുകയുണ്ടായി. ഓരോ പട്ടാളക്കാരൻെറ കയ്യിലും ബൈബിളുണ്ടായിരിക്കും. അതൊരു നാട്യമാണെന്നു പറഞ്ഞുകൂടാ. യുദ്ധം രാഷ്ട്രത്തിൻെറ ആഹ്വാനമായി, രാഷ്ട്രത്തിൻെറ ആവശ്യമായി ഗണിക്കപ്പെടുന്നു. അതിനാൽ ദയാലുക്കളും അതിൽ ചേരുന്നു. ബൈബിറം വായിക്കുകയും അതോടൊപ്പം പട്ടാളത്തിൽ ചേരുന്നത് കൎത്തവ്യമായി കരുതുകയും ചെയ്യുന്നു. ക്രിസ്തുഭഗവാൻ ഉദ്ദേശിച്ചവിധത്തിൽത്തന്നെ നാം പ്രതികാരം ചെയ്യേണ്ടതാണെന്നു അവർ വിശ്വസിക്കുന്നു. അതായത് ക്രിസ്തു ആജ്ഞാപിച്ച കാൎയ്യം ഇന്നല്ലെങ്കിൽ നാളെ നാം ലോകത്തിൽ ചെയ്തുതീൎക്കാനാഗ്രഹിക്കുന്നുണ്ട്. പക്ഷെ ലോകം ഇന്നതിന്നു അൎഹത നേടീട്ടില്ല. അതുകൊണ്ട് ഇന്നത് സമുദായത്തിൽ നടപ്പിൽവരുത്താൻ കഴിയുന്നില്ല. എന്നെല്ലാം കരുതി അവർ തങ്ങളുടെ മനസ്സിനെ 'അഡ്ജസ്റ്റ്' ചെയ്തിരിക്കയാണ്. ആയുധപ്രയോഗവും ബൈബിളും മുറയ്ക്ക് പ്രചരിയ്ക്കുന്നുണ്ട്. അവരുടെ മനസ്സിൽ വഞ്ചന തീരെയില്ല. ഗാന്ധിജി നമുക്ക് നല്കീയിട്ടുള്ള അഹിംസാസിദ്ധാന്തത്തിൻെറ സ്ഥിതിയും ഇന്നു് ഇതുതന്നെയാണ്. ചിലരതിനെ ആദ്യമേ ഏകാംഗിയാണെന്നുപറഞ്ഞ് തള്ളിയിരുന്നു. ഇന്നും അതേ മട്ടാണ്. മററു ചിലർ ആദ്യമേ അത് നന്നെന്നറിഞ്ഞ് സ്വീകരിച്ചിരുന്നു; ഇന്നും അതേവിധം കരുതുന്നു. പക്ഷെ പ്രായോഗികമായി കാൎയ്യങ്ങറം നടത്താൻ അഹിംസയെ ഇന്ന തോതുവെച്ച് ഉപേക്ഷിക്കേണ്ടിവരുമെന്നു കണക്കാക്കി അതനുസരിച്ചുപേക്ഷിക്കുന്നു. ഇതിന്നു് പുണ്യപാപങ്ങളില്ലേ എന്നു ചോദിച്ചാലവർ പറയുന്നതിങ്ങനെയാണ്: എൻെറ പ്രത്യക്ഷാനുഭവത്തിൽനിന്നു പറയുന്നതാണ്:—"തീൎച്ചയായും പാപമുണ്ട്. പക്ഷെ ഇത്രത്തോളം പാപംചെയ്യാതെ നിൎവ്വാഹമില്ല." ആ പാപം സമുദായത്തെ സംബന്ധിച്ചു നമുക്കുള്ള

ഉത്തരവാദിത്വത്തോട് ബന്ധിച്ച കിടക്കുന്നതാണ്. 'ലെസ്സർ ഇവിൾ' ചെറിയ പാപമാണ്. അതു നാം ചെയ്തില്ലെങ്കിൽ 'ഗ്രേററർ ഇവിൾ' വലിയ പാപം വഹിയ്ക്കേണ്ടിവരും എന്നെല്ലാം കരുതി അവർ വലിയ പാപത്തിൽനിന്നു് രക്ഷപ്പെടാൻ ചെറിയ പാപം ചെയ്യുന്നു.

## ഹിംസയോടു വിടവാങ്ങാനുള്ള മുഹൂർത്തമിതുതന്നെ

ഞാനിതു പലവട്ടം പറഞ്ഞതാണ്; നിങ്ങൾ അഹിംസാസിദ്ധാന്തത്തെ ആദരിയ്ക്കുന്നുവെന്നുള്ളത് നല്ല കാര്യമാണ്. ഇന്നല്ലെങ്കിൽ നാളെ നിങ്ങളതിലേയ്ക്കെത്തുമെന്നു ഞാൻ കരുതുന്നു. നിങ്ങളിപ്പോൾ ചെയ്യുന്നതെല്ലാം ഭ്രമംമൂലമാണ് എന്നു് ഞങ്ങൾ പറയുന്നതിന്നർത്ഥമില്ല. നിങ്ങൾക്കാണ് ഭ്രമംതട്ടിയിട്ടുള്ളതെന്നു് നിങ്ങൾക്കിങ്ങോട്ടും പറയാം. നിങ്ങൾക്കാണ് ഭ്രമമെന്നു പറയാനുള്ള അധികാരം ഞങ്ങൾക്കും നിങ്ങൾക്കും തുല്യമാണ്. അതുകൊണ്ടു ഞാനാവാദത്തിന്നു നില്ക്കുന്നില്ല. പക്ഷെ ഇങ്ങിനെതന്നെ കാര്യം നടത്തിക്കൊണ്ടുപോയാൽ നമ്മൾ എവിടെയും എത്തുകയില്ലെന്ന് എനിക്കു് തോന്നുന്നു. പ്രാചീനകാലംമുതൽക്കിന്നേവരെ നാമിതുതന്നെയാണ് ചെയ്തുവന്നിട്ടുള്ളത്. ഇതുകൊണ്ടു അഹിംസ എത്തേണ്ട ദിക്കിൽ എത്തുകയില്ല. എന്നെങ്കിലും ഒരു നാൾ നമുക്കു് ഹിംസ തീരെ കൈവിടേണ്ടതായി വരും. ആ കാലം ഇന്നായോ ഇല്ലയോ എന്നേ നിങ്ങൾ നോക്കേണ്ടതുള്ളു. എല്ലാ ധർമ്മങ്ങളും ആചരിയ്ക്കാൻ പററുന്ന ഒരു സമുദായമുണ്ടാകാമെങ്കിൽ അത് ഇതന്നെയാണെന്നു് എനിയ്ക്കു് തോന്നുന്നു. ഇതിന്നുമുമ്പുണ്ടായിരുന്ന സമയം പററുകയില്ല. എന്തെന്നാൽ അതു കൈവിട്ടുപോയി. വരാനുള്ള സമയവും പററുകയില്ല; അതു കൈവന്നിട്ടുമില്ലല്ലോ. കയ്യുശമുള്ളത് ഈ ക്ഷണമാണ്. നാം ശരിയായ ധർമ്മമായി കണക്കാക്കുന്നതിനെ അനുഷ്ഠിയ്ക്കാൻ ഉചിത

മായ സമയമിതുതന്നെയാണ്. ഈ കാര്യം കുറെ കഴിഞ്ഞു ചെയ്യാമെന്നുവെച്ച് ഈ ക്ഷണം കൈവിട്ടുകളയുന്നത് ഒരുതരം മൂഢതയാണ്. ഇത് മൂഢതയല്ല. നിങ്ങാം പറയുമ്പോലെ വസ്തുവാദ (റിയലിസം)മാണെന്നു വരാം. രണ്ടുവിധത്തിലായാലും അഹിംസയ്ക്ക് പ്രത്യക്ഷമായി പ്രഹരമേല്ക്കുന്നുവെന്നതാണ് കാര്യം. അഹിംസയിൽ വിശ്വസിച്ചിരുന്നവർ പ്രായോഗികകാരണം പറഞ്ഞ് അതിൽനിന്ന് വിട്ടുനില്ക്കുന്നു. നാമിന്ന് അനുഷ്ഠിക്കുന്നതുതന്നെയാണ് ഇന്നത്തെ നിലയ്ക്ക് അഹിംസയുടെ യഥാർത്ഥരൂപമെന്ന് മററുചിലർ പറയുന്നു. അവരും അഹിംസയെ അടിച്ചു തകർക്കുന്നു. ഇന്ന് രണ്ടുഭാഗത്തുനിന്നു് ഹിംസയ്ക്കു ശക്തി ലഭിച്ചിരിക്കുകയാണ്. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം വദ്ധിച്ചിരിക്കുകയാണ്. ഇതിനെ നാം എതിക്കുകതന്നെ വേണം.

## സൌമ്യത്തിൽനിന്നു സൌമ്യതരത്തിലേയ്ക്കും സൌമ്യതമത്തിലേയ്ക്കും

ചെറുത്തുനില്ക്കാൻ ഏതെങ്കിലുമൊരു പദ്ധതിയുണ്ടാകണം. ഇതിൽ ഒന്നാമത്തെ പദ്ധതിയെക്കുറിച്ച് ഞാൻ പലപ്രാവശ്യം പറഞ്ഞിട്ടുണ്ട്. അതിതാണ്. സൌമ്യത്തിൽനിന്നു സൌമ്യതരത്തിലേയ്ക്കും സൌമ്യതരത്തിൽനിന്നു സൌമ്യതമത്തിലേയ്ക്കും പോകണം. എനിയ്ക്ക് വലിയ ആശ്ചര്യം തോന്നി. ബംഗാളിൽ നിന്ന് ഇന്ന് ചാരുബാബുവിൻെറ ഒരെഴുത്തു വന്നു. ഈയിടെ നാം രണ്ടുവട്ടം യാത്രയാരംഭിച്ചു. അതിൽനിന്ന് എല്ലാവക്കും വിചാരമായിട്ടുണ്ട്. എനിയ്ക്കുമുണ്ട്. എന്നാൽ ചാരുബാബുവിൻെറ എഴുത്തിൽ ആ സൂചനയില്ല. ആ എഴുത്തെന്നെ ആകഷിച്ചിരിക്കുന്നു. 'അങ്ങ്' രണ്ടുവട്ടം യാത്രയാരംഭിച്ചതുകൊണ്ട് നമുക്ക് ശക്തി ലഭിക്കുമെന്നു കരുതി സൌമ്യസത്യാഗ്രഹത്തെ സൌമ്യതര

ത്തിലേയ്ക്ക് മാററിയതായി ഞാൻ കാണുന്നു, എന്നാണതിൽ എഴുതിയിട്ടുള്ളത്. എനിയ്ക്കത് വളരെ പിടിച്ചു. സൌമ്യത്തിൽനിന്ന് സൌമ്യതരത്തിലേയ്ക്ക് എത്താൻവേണ്ടിയാണിങ്ങനെ തുടങ്ങിയതെന്ന് എനിയ്ക്ക് പറയാനാവില്ല. എന്നാൽ സൌമ്യതരമാകാനുള്ള വാസന തീച്ചയായുമുണ്ട്. അതങ്ങിനെയാകുന്നുമുണ്ട്. ഒരു മുഴുവൻ ദിവസത്തിൽ നടത്താൻ കഴിയുന്ന പ്രവൎത്തനശക്തി അരദിവസത്തിൽ ഉളവാക്കാൻ സാധ്യമല്ല. അഭിപ്രായങ്ങറം പറഞ്ഞ് അവിടെനിന്നു് പോകേണ്ടതായി വരും. എന്താണ് നടക്കുന്നത്? വൈകുന്നേരം സുമാർ അഞ്ചുമണിയ്ക്ക് സ്ഥലത്തെത്തുന്നു. അഞ്ചരമണിയ്ക്ക് യോഗം ചേരുന്നു. യോഗവും പുസ്തകവില്പനയും ഒപ്പുകൊടുക്കലും മററം ഏഴുമണിയ്ക്കവസാനിയ്ക്കുന്നു. ഏഴരമണിയ്ക്ക് ഭക്ഷണം കഴിയ്ക്കുന്നു. കഷ്ടിച്ച് അരമണിക്കൂർ ഗ്രാമക്കാരുമായി സംസാരിയ്ക്കാൻ കിട്ടുന്നു. പകൽ മുഴുവനും അവിടെയിരുന്നാൽ തീച്ചയായും കുറച്ചു പ്രവൎത്തനശക്തി അവിടെത്തന്നെ ഉപയോഗിയ്ക്കേണ്ടിവരും. കുറച്ചു നിബ്ബന്ധവും ചെലുത്താൻ കഴിയും. വളരെ കാൎയ്യങ്ങറം നടക്കും. പക്ഷെ ഇന്നു നടക്കുന്നതങ്ങനെയല്ല. സാധാരണ അരമുക്കാൽ മണിക്കൂറിൽ കാൎയ്യങ്ങറം പറഞ്ഞു മനസ്സിലാക്കി മുന്നോട്ടു നടക്കുന്നു. ഇത് പ്രത്യക്ഷത്തിൽ സൌമ്യതരത്തിൻെറ രൂപംതന്നെയാണ്. സൌമ്യതരം ഇങ്ങനെ സമ്പന്നമാകുന്നതായി അദ്ദേഹത്തിൻെറ കത്തിന്നുശേഷം എനിയ്ക്ക് മനസ്സിലായി. അപ്പോറം സൌമ്യതരത്തിൻെറ അൎത്ഥം എനിയ്ക്ക് വെളിപ്പെട്ടുവരുന്നതായി പറയാനാണ് ഞാനാഗ്രഹിച്ചിരുന്നത്. ശങ്കരറാവ്ദേവിന്നും ഇതു ബോധപ്പെട്ടുന്നതായി അറിയുന്നതിൽ എനിയ്ക്ക് സന്തോഷമുണ്ട്. അത് ഗീതയിലുണ്ട്. പക്ഷെ ഗീത നാം മനസ്സിലാക്കുന്നുണ്ടോ? ക്രമത്തിൽ കുറേശ്ശയായി മനസ്സിലാകും. അതുകൊണ്ട് ജീവിതകാലം മുഴുവനും ആ-

ഗ്രന്ഥം പ്രയോജനപ്പെടുന്നു. പെട്ടെന്നു മനസ്സിലായിക്കഴി ഞ്ഞാൽ അതിൻെറ പ്രയോജനവും അവസാനിയ്ക്കുമല്ലോ.

## പരിണാമസ്വരൂപമായി ക്രിയയിൽ ആഗ്രഹമരുത്

നമ്മുടെ വിചാരത്തെ നടപ്പിൽവരുത്താനുള്ള ഉപകരണമാണ് ക്രിയ. അത് വിചാരത്തെ അവതരിപ്പിയ്ക്കാനും നടപ്പിൽ വരുത്താനും ഉപകരണമാകുന്നതുപോലെത്തന്നെ വിചാരത്തിൻെറ പരിണാമവുമാണ്. നിങ്ങൾ ഭൂദാനം ചെയ്യുക, നിങ്ങളുടെ ഉദാരത വർദ്ധിയ്ക്കും. നിങ്ങളുടെ ഔദാര്യം വർദ്ധിച്ചതിൻെറ ഫലമായി നിങ്ങൾ ഭൂദാനം ചെയ്യുന്നു. അതായത് ക്രിയ വിചാരസിദ്ധിയുടെ ഉപകരണവും അതിൻെറ പരിണാമവുമാകുന്നു. അത് വിചാരസിദ്ധിയുടെ ഉപകരണമായിരിയ്ക്കുന്ന അളവോളമേ നാമതിൽ ഊന്നി നില്ക്കാവൂ. ക്രിയ വിചാരസിദ്ധിയുടെ പരിണാമമായിരിയ്ക്കുന്ന അംശത്തോളം നമുക്കതിൽ ആഗ്രഹം വെച്ചുകൂടാ. എൻെറ വിചാരത്തിൻെറ പരിണാമമായി അഞ്ചു കോടി ഏക്കർ ഭൂമി കിട്ടണമെന്നു് ഞാൻ നിശ്ചയിച്ചിട്ടുണ്ട്. പക്ഷെ ഇത് പരിണാമമാണ്. അതുകൊണ്ട് ആ ദാനലബ്ധിയുടെ ക്രിയയിൽ നമുക്കാസക്തിയുണ്ടായിക്കൂടാ. ദാനവിചാരമെന്നാൽ സമവിഭജനവിചാരമാണ്. അത് ജനങ്ങൾ മനസ്സിലാക്കട്ടെ, ഞാൻ മനസ്സിലാക്കട്ടെ, എൻെറ ജീവിതത്തിലത് വികസിയ്ക്കട്ടെ, എന്നാൽ ജനങ്ങളുടെ ജീവിതത്തിലും അത് വികസിതമായിത്തീരും. അവർ ആ വിചാരത്തെ അറിഞ്ഞുകഴിയുമ്പോൾ ആ പരിണാമവും വന്നുചേരും. അതിനെസംബന്ധിച്ച് എനിയ്ക്കധികം നിർബ്ബന്ധമില്ല. ആ വിചാരം ഞാൻ സ്വയം മനസ്സിലാക്കുകയും മററുള്ളവരെ മനസ്സിലാക്കിയ്ക്കുകയും ചെയ്യും. ക്രിയ വിചാരസിദ്ധിയുടെ ഉപകരണമായിരിക്കുന്നേടത്തോളം അതിൽ ഊന്നിനില്ക്കും. പദയാത്രപോ

12756



ല്ലത്തന്നെ ഞാൻ കാൽനടയായി നടന്നില്ലെങ്കിൽ എന്റെ വിചാരങ്ങാം മനസ്സിലാക്കാൻ കഴിയുകയില്ല. അതിന്നുവേണ്ടി പദയാത്രയിൽ ഞാനാഗ്രഹം വെയ്ക്കുന്നത് ശരിയാണ്. എന്നാൽ ദാനപ്രാപ്തിയിൽ ആസക്തിവെയ്ക്കുകയാണെങ്കിലത് പരിണാമരൂപമായ ക്രിയയാണ്. ഇത്ര ദാനപത്രങ്ങാം എഴുതിവാങ്ങിയ്ക്കണം, ഓരോരുത്തരുടേയും അടുക്കൽചെന്നു പറഞ്ഞു മനസ്സിലാക്കി എഴുതിച്ചുവാങ്ങണം എന്നു ഞാൻ കരുതിയാൽ അത് സൌമ്യകാര്യമല്ല. അതിൽ ഫലാസക്തിയുണ്ടാകും. ഏതു ക്രിയയാണ് വിചാരസിദ്ധിയ്ക്ക് ഉപകരണമായിട്ടുള്ളത്, ഏതാണ് നാം ആസക്തിവെയ്ക്കാത്ത വിചാരസിദ്ധിയുടെ പരിണാമം എന്നു ഇത്രയുംകൊണ്ട് വ്യക്തമാക്കാൻ കഴിഞ്ഞുവോ എന്നെനിയ്ക്ക് പറയാൻ കഴിയില്ല. എന്റെ മനസ്സിൽ ഇങ്ങനെയുള്ള അന്തരം പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

## വിചാരവും വാക്കും ശുദ്ധമാക്കിവെയ്ക്കുക പ്രയാസമുള്ള കാര്യമാണ്.

ഈ പരിണാമം നിവൃത്തിമാർഗ്ഗത്തിലേ ഉണ്ടാകൂ എന്നു് പലരും ഭയപ്പെടാറുണ്ട്. എന്നാൽ എന്റെ മനസ്സിലാദ്യമേ നിവൃത്തിഭാവം ഉറച്ചതുകൊണ്ട് എനിയ്ക്കിതത്ര തോന്നുന്നില്ല. ഇനി കുറെ കൂടുതൽ നിവൃത്തി വരുന്ന കാര്യവും സംശയമാണ്. അതുകൊണ്ടെനിയ്ക്കാ ഭയം തോന്നുന്നില്ല. എന്നാൽ ക്രിയയിൽ അധികം ആസക്തി പാടില്ലെന്നു് എനിയ്ക്കറിയാം. സാധനാരൂപമായ ക്രിയയിലാസക്തിയുണ്ടാകാം; അതിലപ്പുറമുള്ളത് സമുദായം നിർവ്വഹിച്ചുകൊള്ളും. സമുദായം നിർവ്വഹിക്കുന്ന ക്രിയയെസംബന്ധിച്ചുള്ള ആഗ്രഹം മനസ്സിൽനിന്നു നീക്കണം. എന്റെ മനസ്സിൽ ആദ്യമേ അത്തരമൊരാഗ്രഹമുണ്ടായിരുന്നതായി തോന്നുന്നില്ല. ഒരു സാമൂഹികകാര്യം ആരംഭിക്കുമ്പോാം അതോടുകൂടെയുള്ള

ചില സാമൂഹികനിശ്ചയങ്ങളും ഉൽഭവിക്കുന്നു. അവ സാമൂഹ്യനിശ്ചയങ്ങളാണ്. അതിൽ പ്രത്യേക ദോഷങ്ങളൊന്നുമില്ല. എന്നാൽ ഈ പ്രക്രിയയ്ക്കുണ്ടാകുന്ന പരിണാമം നോക്കിയറിഞ്ഞ് അതിന്നനുസരിച്ച് ഇതിലുമധികം സൌമ്യമായ പ്രക്രിയ ക്രമത്തിൽ നമുക്ക് സ്വീകരിക്കേണ്ടതായി വരും. അതിൽ ക്രിയാശക്തിയുടെ തീവ്രത കുറഞ്ഞും വിചാരശക്തി കൂടിയുമിരിക്കും. ചുരുക്കത്തിൽ ശുദ്ധവിചാരത്തെക്കുറിച്ച് ചിന്തിക്കുക മനസ്സിലാക്കുക മററുള്ളവരെ മനസ്സിലാക്കിക്കൊടുക്കുക ഇവയെല്ലാം സ്വന്തം ജീവിതത്തിൽ നടപ്പിൽവരുത്തുക എന്നിതെല്ലാം നാം തികച്ചും നിറവേററണം. ചിന്തിക്കുന്നതും മനസ്സിലാക്കുന്നതും വലിയ കാര്യമാണ്. നാമിതു നിർവ്വഹിക്കുകയും മനസ്സിൽ യാതൊരുവിധം മോഹവും കൂടാതെ നമുക്കു ശുദ്ധവിചാരത്തിൻെറ ദർശനമുണ്ടാവുകയുമാണെങ്കിൽ കാര്യം തൊണ്ണൂറുശതമാനവും സാധിച്ചതായി ഞാൻ കരുതുന്നു. സമുദായത്തിൻെറയും നാട്ടിൻെറയും ലോകത്തിൻെറയും കാര്യങ്ങൾ തടഞ്ഞുനില്ക്കുന്നതിൻെറ കാരണവും ഇതുതന്നെയാണ്. നമ്മളാലാകുന്ന കാര്യമെന്നു സാരം. ലോകത്തിൻെറതായ കാര്യം വേറെ. നമ്മുടെ വിചാരത്തിൽ ശുദ്ധിയില്ലാത്തതുകൊണ്ടാണ് നമ്മളാലാവുന്ന കാര്യങ്ങൾ തൊണ്ണൂറുശതമാനവും തടഞ്ഞുപോകുന്നത്. അജ്ഞാനതിരശ്ശീലയും കുറെ കാരണമാകുന്നു. ശുദ്ധതത്വങ്ങൾ ചിന്തിയ്ക്കുകയും പറയുകയും ചെയ്താൽത്തന്നെ വലിയ നേട്ടമായി. പിന്നെ ആ തത്വം മനസ്സിലുദിച്ചുകഴിഞ്ഞാൽ അതനുസരിച്ചു പ്രവർത്തിയ്ക്കുകയും വേണം. മററുള്ളവരോടു നമുക്കുള്ള കർത്തവ്യം ഈ തത്വം മനസ്സിലാക്കുക എന്നുള്ളതാണ്; അതിന്നപ്പുറം പോകുന്നില്ല. അതുകൊണ്ട് നാം അധികമധികം വിചാരശീലരാകണം; പ്രവൃത്തിയുടെ രീതികൾ പരിഷ്ക്കരിയ്ക്കുകയും വേണം. എന്നാൽ അഹിംസയ്ക്കധികം പ്രചാരമു

ണ്ടാകുമെന്നാണെനിയ്ക്കു തോന്നുന്നത്. അതായത് ഭൂദാനത്തെ കൈവിടാതെ ആ അടിസ്ഥാനത്തെ വിചാരസിദ്ധിയ്ക്കുപകരണ മെന്നനിലയിൽ മുറുകെ പിടിയ്ക്കുക; വിശുദ്ധമായ അഹിംസാസി ദ്ധാന്തത്തെ ലോകത്തിൽ പ്രചരിപ്പിയ്ക്കുക, അതിൽ ചിത്തശുദ്ധി യ്ക്കാവശ്യമായേടത്തോളം തപസ്യ അനുഷ്ഠിയ്ക്കുക എന്നിതൊക്കെ യായിരിക്കണം നമ്മുടെ പരിപാടി. ഇതെല്ലാം ചെയ്യുന്നപക്ഷം നാം ഒററപ്പെട്ടവരാവില്ലെന്നു് എനിയ്ക്കുറപ്പുണ്ട്. ഈ ചിന്താപ്ര വാഹത്തിലേയ്ക്കു്, ഭൂദാനത്തിൻെറ ഈ ഒഴുക്കിലേയ്ക്കു് നാം എത്ര യോ പേരെ ആകർഷിച്ചിട്ടുണ്ടു്; ഇനിയുമധികം ആളുകളെ നാം പിടിച്ചെടുക്കും. അവർ ഭൂദാനപ്രവർത്തനത്തിൽ പങ്കുകൊള്ളുകയും ചെയ്യും.

## സർവ്വോദയമണ്ഡലങ്ങളുടെ പദ്ധതി.

ഒടുവിലായി ഇതിന്നുവേണ്ടി എന്തെങ്കിലും പദ്ധതിയുണ്ടാ ക്കാൻ കഴിയുമോ, കഴിയുമെങ്കിൽ എന്തെല്ലാം കഴിയും എന്നുള്ള ചിന്ത മനസ്സിലുദിയ്ക്കുന്നു. ഒരു ഭാഷ നടപ്പുള്ള ഓരോ പ്രദേശ ത്തു് ആ ഭാഷയിലും ഹിന്ദിയെപ്പോലെ വിവിധ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നേടത്ത് ആ പ്രദേശങ്ങളിലും സർവ്വോദയമണ്ഡല ങ്ങൾ രൂപവൽക്കരിച്ചാൽ നന്നായിരിക്കുമെന്നു തോന്നി. ഈ സർവ്വോദയമണ്ഡലം തികച്ചും സംഘടിതമായിരിക്കണമെന്നഭി പ്രായമില്ല. സംഘടനയിൽ എനിയ്ക്കധികം വിശ്വാസമില്ലാത്ത താണിതിന്നു കാരണം. അവ്യക്തരൂപമായാലും വ്യക്തരൂപമാ യാലും വേണ്ടില്ല, ആരെയും ബന്ധിച്ചുനിർത്താത്തതരത്തിലായി രിക്കണം. ശുദ്ധവിചാരങ്ങളുള്ളവർ, അതിന്നുവേണ്ടി പ്രയത്നിയ്ക്കു ന്നവർ, സർവ്വഭൂതഹിതത്തിൽ വിശ്വസിക്കുന്നവർ, നിഷ്കാമകർമ്മ ത്തെ അംഗീകരിക്കുന്നവർ, പക്ഷപാതമില്ലാത്തവർ, നമ്മുടെ നിഷ്പ ക്ഷതയിൽ ശ്രദ്ധയുള്ളവർ എന്നിത്തരക്കാർ ഒത്തുചേരണം. ശ്രദ്ധ

എന്നതിന്നു് അതനുസരിച്ച് പ്രവൎത്തിയ്ക്കാനുള്ള ഒരുക്കമെന്നുതന്നെ യാണ് ഞാനൎത്ഥമാക്കുന്നത്. ഇങ്ങനെ ശ്രദ്ധാലുക്കളായവരുടെ ഒരു മണ്ഡലമുണ്ടാക്കാം. ധൎമ്മ(മത)ത്തിന്നു ഇംഗ്ലീഷിലുപയോഗി ക്കുന്ന വാക്കിന്നു് വലിയ പ്രാധാന്യമുണ്ടു്. അവർ ഫെയ്ത്ത് എന്നാണ് പറയുന്നത്. ഹിന്ദുഫെയ്ത്തും ഹിന്ദു'തോട്ടും' (ഹിന്ദു വിചാരരീതി) വേറെയുണ്ടു്. ഹിന്ദുതോട്ട് കുറച്ചാളുകളെ മനസ്സി ലാക്കിയിട്ടുള്ളൂ. ഹിന്ദുഫെയ്ഥ് ഉള്ളവർ ലക്ഷക്കണക്കിലുണ്ടു്. ഇതുപോലെ ഇസ്ലാം മുതലായ ഫെയ്ഥുകളുമുണ്ടു്. ഫെയ്ഥിൽ അനേകലക്ഷമാളുകളുണ്ടു്. ആ വിചാരത്തിൽ കുറച്ചാളുകളേ ഉള്ളൂ. അത് നടപ്പിൽവരുത്തുന്നവർ അത്രയും ഉണ്ടാകയില്ല. ബാഹ്യാ ചാരങ്ങളിൽ കുറെ പേരുണ്ടു്; എന്നാൽ വിചാരവും അതനുസരി ച്ചുള്ള പ്രയത്നവുമുള്ളവർ വളരെ ചുരുക്കമാണ്. അപ്പോൾ മത ത്തിന്നു് ഈ ഫെയ്ഥ് എന്ന വാക്കു വളരെ യുക്തമായിട്ടുണ്ടു്. സൎവ്വോദയത്തിൽ ഫെയ്ഥുള്ളവർ എട്ടോ പത്തോ ആയാലും മതി അവരുടെ ഒരു മണ്ഡലമുണ്ടാക്കണം. അവർ പ്രത്യേകവിഷയങ്ങ ളെക്കുറിച്ച് വിചാരം ചെയ്ത് ശുദ്ധവിചാരത്തിന്റെ രൂപത്തിൽ ജനങ്ങളുടെ മുമ്പിൽ വെയ്ക്കണം. ഇനി സമ്മിശ്രരൂപത്തിലൊന്നവ തരിപ്പിച്ചാലും വിരോധമില്ല. അല്ലെങ്കിൽ കുറച്ചു ചൎച്ചചെയ്ത് പിരിയാം. പിരിഞ്ഞുപോയി അതനുസരിച്ച് പ്രവൎത്തിക്കാം. ഇത്തരം സൎവ്വോദയമണ്ഡലങ്ങളുണ്ടാക്കുന്നത് നന്നു്. ഈ വീക്ഷ ണം വളൎന്നുവരാനതു സഹായിക്കും.

നമ്മുടെ പ്രസ്ഥാനം ജനങ്ങളുടെ അടുക്കലേയ്ക്കെത്തിക്കാനു ള്ള നിശ്ചയത്തെ നടപ്പിൽവരുത്താൻ ശ്രമിയ്ക്കുംതോറും നമ്മുടെ ഇന്നത്തെ സമിതികളെല്ലാം പൊളിയും; ആളുകൾ താന്താങ്ങളുടെ ശക്തിയ്ക്കനുസരിച്ച് വെവ്വേറെ പ്രവൎത്തിച്ചുകൊള്ളും. സൎവ്വോദ യമണ്ഡലത്തോട് കാൎയ്യാലോചന നടത്തും. തങ്ങളുടെ ഉപദേശ

പ്രകാരമേ കാൎയ്യം നടപ്പിൽവരുത്താവൂ എന്ന നിൎബ്ബന്ധം സൎവ്വോദയമണ്ഡലത്തിന്നുണ്ടാകയില്ല. അവരുടെ ഉപദേശപ്രകാരം നടക്കാഞ്ഞാൽ ശിക്ഷിയ്ക്കപ്പെടത്തക്ക ഭാരമൊന്നും ജനങ്ങളുടെ മേൽ ഉണ്ടായിരിക്കില്ല. ഇതിന്നൊരു ധാൎമ്മികമൂല്യമുണ്ട്. ഈ ധാൎമ്മികവശത്തിന്നുവേണ്ടി മാത്രമാണ് ജനങ്ങളവരുടെ ഉപദേശം ആരായുന്നത്. ഉപദേശം ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും നല്കും. ഇങ്ങനെയൊരു പരിശ്രമം തുടങ്ങിയാൽ അതൊരുപക്ഷെ ഈ ചിന്താഗതിയ്ക്കനുകൂലമായിരിക്കും.

ധൎമ്മപുരി,

4_8_'56.

# 3. ആയുധത്യാഗത്തിൻെറ ശക്തി

ബലം മറെറന്തോ വസ്തുവാണെന്നു പലരും കരുതുന്നു. സ്വത്വഗുണത്താൽ ബലം വദ്ധിപ്പിയ്ക്കാമെന്നവർ ഉറപ്പായി വിശ്വസിക്കുന്നില്ല. ബലത്തിനുവേണ്ടി മറെറാരു ദേവതയെ ഉപാസിയ്ക്കണമെന്ന് അവർ ധരിച്ചിട്ടുണ്ട്. സത്വഗുണത്താൽ ശാന്തിനേടാമെന്ന് അവർ മിക്കവാറും സമ്മതിയ്ക്കുന്നു. എന്നാൽ സത്വഗുണത്തിൽ ശക്തിയുണ്ടെന്നവക്ക് വിശ്വാസമായിട്ടില്ല. അതുകൊണ്ട് ശക്തിദേവതയെ പ്രത്യേകം വരിച്ച് അതിൻെറ കയ്യിൽ അനേകം ആയുധങ്ങൾ കൊടുത്തു. ഏററവും അധികം വിശ്വാസത്തോടെ ആളുകൾ ആ ദേവതയെ ഉപാസിക്കുന്നു. ആളുകൾ ശാന്തിയെ ഉപാസിക്കാനാഗ്രഹിയ്ക്കുന്നു; എന്നാൽ ശാന്തിയിൽ പരമശ്രദ്ധയപ്പിക്കാൻ കഴിയുന്നില്ല. അത് ശക്തിയിൽ മാത്രമേ സാധ്യമാകൂ. അതിനാൽ ആ ശക്തി നമുക്ക് സ്വന്തമായിട്ടില്ലെങ്കിൽ നാമെങ്ങിനെ രക്ഷപ്പെടുമെന്ന് എല്ലായ്പ്പോഴും തോന്നും. ആത്മശാന്തിയ്ക്കും സാമുദായികസമത്വത്തിന്നും മനഃസമാധാനത്തിന്നുംവേണ്ടി സത്യദേവത ഉപാസിയ്ക്കപ്പെടുന്നു. സൃഷ്ടിപരിപാടി നിവ്വഹിയ്ക്കാനും നാട് അഭിവൃദ്ധിപ്പെടുത്താനും സത്വഗുണം ഉപയോഗിയ്ക്കണം; അവിടെ ശാന്തി അത്യാവശ്യമാണ് എന്നും അംഗീകരിയ്ക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സത്വഗുണത്തിന്ന് രക്ഷിയ്ക്കാൻ കഴിവുണ്ടെന്ന് ഇനിയും സമ്മതമായിട്ടില്ല. രക്ഷണത്തിന്നായി മറെറാരു ദേവതയെ ആരാധിയ്ക്കണമെന്ന് ജനങ്ങൾക്കിപ്പോഴും തോന്നുന്നു.

## ശക്തി മൂഢദേവിയാണ്

നാം നമ്മുടെ രക്ഷയ്ക്കാധാരമായി വിശ്വസിച്ചാരാധിയ്ക്കുന്ന ആ പരദേവത (ശക്തി)ഇന്ന് ഭീകരരൂപംപൂണ്ടിരിയ്ക്കുയാണ്. അതുകൊണ്ടാളുകൾക്കൊരുതരം പേടി പിടിച്ചിരിയ്ക്കുന്നു. അച്ഛനമ്മമാർ ഇന്നും മക്കളെ പറഞ്ഞു നേരെയാക്കുന്നത് സ്നേഹംമൂലമാണ്. എന്നാലവൻ കൂട്ടാക്കാഞ്ഞാലെന്തു ചെയ്യും? ഒരടി കൊടുക്കും. ഒടുവിൽ നോക്കുമ്പോൾ സ്നേഹത്തിന്നു പകരം അടിയിലാണ് അച്ഛനമ്മമാൎക്കു വിശ്വാസം. സ്നേഹനിധികളും കുട്ടികളുടെ സ്നേഹമൊഴിച്ച് മറെറാന്നും കാംക്ഷിയ്ക്കാത്തവരും, കുട്ടികളെക്കുറിച്ച് മനസ്സിൽ ദ്വേഷലേശമേശാത്തവരുമായ അച്ഛനമ്മമാരുംകൂടി കുട്ടികൾ പറഞ്ഞതനുസരിയ്ക്കാഞ്ഞാൽ അടിയും പിടിയും അവസാനോപായമായി സ്വീകരിക്കുന്നു. ആ ശക്തിദേവിയ്ക്ക് ബുദ്ധിയില്ല; അതിന്നു നമ്മെ കരയ്ക്കണയ്ക്കാൻ കഴിയില്ല എന്നു നമുക്കിനിയും ഉറപ്പായിട്ടില്ല. ശക്തിയുള്ളേടത്തെല്ലാം ബുദ്ധിയുണ്ടെന്ന് അനുഭവം സമ്മതിയ്ക്കുന്നില്ല. ശക്തി മൂഢദേവതയാണ്. ആയുധം ആരുടെ കയ്യിൽ വന്നാലും ശരി അവൻ ശക്തനാണ്. അയാൾ സൽപക്ഷത്തിലുള്ളവനാകണമെന്ന് നിൎബ്ബന്ധമില്ല. മൂഢദേവതയെ ദേവതയായി ഗണിയ്ക്കുന്നതു് തെററാണ്; അതിനെ വിശ്വസിയ്ക്കുന്നതും തെററാണ്. അതിൽ പരമവിശ്വാസമൎപ്പിയ്ക്കുന്നത് സൎവ്വാബദ്ധമാണ്.

## സാമത്തെ അപേക്ഷിച്ച് ദണ്ഡത്തിൽ വിശ്വാസം

അന്യോന്യം വഴക്കും അഭിപ്രായവ്യത്യാസവുമുള്ളേടത്ത് അന്യോന്യം നേരിട്ടു സംഭാഷണംകൊണ്ട് സാധ്യമാകുന്നതെല്ലാം ചെയ്യണം. സാമംകൊണ്ട് കാൎയ്യം നിൎവ്വഹിയ്ക്കണം. സാമംകൊണ്ട് കാൎയ്യസിദ്ധിവരാത്തേടത്ത് കൂടുതൽ ഉജ്ജ്വലമായ സാമം

ഉപയോഗിക്കുകയാണ് വേണ്ടത്. ഇത് ചിലർ ആലോചിയ്ക്കാറില്ല. മറിച്ച് സാമംകൊണ്ട് സാധിയ്ക്കില്ലെന്നു വന്നാൽ ഉടനെ ദണ്ഡം പ്രയോഗിയ്ക്കേണ്ടിവരുന്നു. സാധാരണ'ദണ്ഡം'കൊണ്ടും കാര്യമായില്ലെങ്കിൽ കൂടുതൽ തീവ്രദണ്ഡത്തിന്ന് പദ്ധതിയുണ്ടാകുന്നു. അതുകൊണ്ടുമായില്ലെങ്കിൽ അതിലുമധികം ശക്തിയുള്ള ദണ്ഡത്തിന്ന് പ്പാനിടുന്നു. ഇങ്ങനെ വന്നുവന്ന് അണുശക്തിയോളമെത്തി. എന്നാൽ ഈ ദണ്ഡശക്തിയെ വിശ്വസിച്ചുകൂടാ. ഇത് ചതിയ്ക്കുന്ന ശക്തിയാണ് എന്നിനിയും ബോധ്യമായിട്ടില്ല. ഇതൊരു പക്ഷത്തെയും സമാധാനപ്പെടുത്തുകയില്ല, ഒരു പ്രശ്നവും പരിഹരിക്കുകയില്ല, എന്നിനിയും നമ്മാക്ക് ബോധ്യമായിട്ടില്ല. ദണ്ഡശക്തിയുടെ രൂപം അത്യുഗ്രമായിത്തീർന്നിരിക്കുന്നു എന്ന കാര്യം കുറച്ച് ഭയമുളവാക്കിയിട്ടുണ്ട്. മനസ്സിന്നല്പം ചാഞ്ചല്യവുമുണ്ട്. എന്നാൽ ദണ്ഡത്തിൻെറ പേരിൽ മനസ്സിലുള്ള വിശ്വാസം അങ്ങിനെത്തന്നെയുണ്ട്; അതു പോയിട്ടില്ല. അതല്പമൊന്നിളകിട്ടുണ്ടെങ്കിലും ഇനിയും ഉപേക്ഷിയ്ക്കപ്പെട്ടിട്ടില്ല.

## സ്ത്രീയ്ക്ക് ശക്തിപോരായ്മ

പുരുഷന്മാർ സമുദായത്തെ വല്ലാതെ ദുഷിപ്പിച്ചിട്ടുണ്ടെന്നു് എനിയ്ക്ക് പലപ്പോഴും തോന്നാറുണ്ട്; ഞാനത് പലവട്ടം പറഞ്ഞിട്ടുമുണ്ട്. ഈ കാര്യത്തിൽ സ്ത്രീകാം പങ്കുചേരുമെങ്കിൽ കാര്യം നന്നായിരിക്കും. സ്ത്രീശക്തി മുന്നിൽ വന്നാലേ രക്ഷകിട്ടുകയുള്ളു എന്നു് ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് സ്ത്രീകളുടെ സ്ഥിതിയെന്താണ്? അവരെന്തിൽ വിശ്വസിക്കുന്നു? അവർ തങ്ങാം രക്ഷിയ്ക്കപ്പെടേണ്ടവരാണെന്നും പുരുഷന്മാക്കാണധികം ഉത്തരവാദിത്വമെന്നും കരുതുന്നു. അമേരിക്കയിലെ സ്ത്രീകളെ ശ്രീപറയുന്നുണ്ടാകും? ഈ അണുബോംബുകളെല്ലാമെറിയുന്നത് അ

വക്കിഷ്ടമായിരിക്കുമോ? ഇത് ശരിയല്ലെന്നവർ തങ്ങളുടെ ഭത്താക്കന്മാരോടു പറയുന്നുണ്ടാകും. അപ്പോഠം എന്തു പറഞ്ഞാണവർ ഈ സ്ത്രീകളെ സമാധാനിപ്പിക്കുന്നത്. ഇങ്ങനെ ചെയ്തില്ലെങ്കിൽ നിന്റെ കുട്ടികഠക്ക് രക്ഷയില്ലെന്നുതന്നെയായിരിക്കും പുരുഷന്മാർ അവരെ പറഞ്ഞു സമാധാനിപ്പിക്കുന്നത്. എന്നാൽ ഈ ആയുധങ്ങളെല്ലാം കിട്ടിയത് വലിയ ഉപകാരമായി എന്നാ സ്ത്രീകഠ പറയുന്നുണ്ടാവും. പുരുഷന്മാർ സ്ത്രീകളെ പേടിപ്പെടുത്തിവെച്ചിരിയ്ക്കുകയാണ്. അങ്ങനെ പേടിച്ചുകൊണ്ടിരിയ്ക്കുക സ്ത്രീകഠക്കൊരലങ്കാരമായും കരുതിവരുന്നു. ഒരു സ്ത്രീ ധീരയാണെന്നുവന്നാൽ "കണ്ടോ അവഠക്ക് പുരുഷന്റെ ഗുണങ്ങളാണുള്ളത്" എന്ന് പറയാൻ തുടങ്ങും. അപ്പോഠം സ്ത്രീയുടെ സ്വാഭാവികഗുണം ഭീരുതയാണ്. ഈ നിലയ്ക്ക് സ്ത്രീകഠ പുരുഷന്മാരെ സഹായിക്കാൻ വന്നാലും അവക്കെന്തുചെയ്യാൻ കഴിയും? പുരുഷൻ തോക്കെടുത്താൽ സ്ത്രീ മരുന്നു നിറച്ചുകൊടുക്കും. മററരാജ്യങ്ങളിൽ സ്ത്രീകളുടെ സൈന്യവിഭാഗംതന്നെയുണ്ട്. യുദ്ധത്തിന് എല്ലാവിധസഹായങ്ങഠക്കും അവർ ഒരുക്കമാണ്. ഇതിൽ സ്ത്രീപുരുഷഭേദം ഒട്ടുംതന്നെ സഹായിക്കുന്നില്ല.

## കരുണ പരമനിർഭയമാണ്

മാതൃദേവിയായതുകൊണ്ട് സ്ത്രീ ദയാലുവും ശാന്തിമയിയും കരുണാമയിയും വാത്സല്യമയിയുമായിരിയ്ക്കണമെന്നു പറയാറുണ്ട്. അങ്ങിനെയാണെന്നും പറയുന്നു. എന്നാൽ ദേഹവും ആത്മാവും തമ്മിലുള്ള അന്തരം അറിയാത്ത ആളുകഠക്ക് കരുണ ഉണ്ടാവുകയേയില്ല. കുറച്ചു ദയയുടെ ഭാഗം കണ്ടേയ്ക്കും; പക്ഷെ അതിനെ കരുണയെന്നു പറഞ്ഞുകൂടാ. കരുണ കുറെക്കൂടി ഉജ്ജ്വലഗുണമാണ്. അതിന്റെ കഴിവ് വമ്പിച്ചതാണ്; അതിൽ ഭയമുണ്ടാകയില്ല. അത് പരമനിർഭയമാണ്. ദയാഭാവത്തിന്നു് ദൌബ്ബല്യമുണ്ടായിരിക്കും. ഗൌതമബുദ്ധന്ന് കരുണയുടെ പ്രത്യക്ഷ

ദശനമുണ്ടായി. അത് തീവ്രമായ തപശ്ചയ്യയ്ക്ക്ശേഷം നിഭയനായിത്തീന്നപ്പോഴാണ്. വൃത്രാസുരനെക്കൊണ്ട് ലോകത്തിന്നു വലിയ ഉപദ്രവങ്ങളുണ്ടായിക്കൊണ്ടിരുന്നു. ഇന്ദ്രന്റെ എല്ലാ ആയുധങ്ങളും നിഷ്ഫലമായി. ഇന്ദ്രൻ പറഞ്ഞു "സത്വഗുണംകൊണ്ടേ ഇവനെ നശിപ്പിയ്ക്കാനാകൂ." അക്കാലത്തെ സത്വഗുണത്തിന്റെ മൂത്തി ദധീചിമുനിയായിരുന്നു. ഇന്ദ്രൻ ദധീചിയുടെ അടുക്കൽ ചെന്നു പറഞ്ഞു. "അങ്ങയുടെ അസ്ഥികൊണ്ടു ആയുധമുണ്ടാക്കിയാലേ വൃത്രനെ വധിയ്ക്കാൻ കഴിയൂ." കരുണാമയനായ ആ ഋഷി ആലോചിച്ചു:—'എന്റെ കയ്യിൽ എല്ലുകളല്ലാതെ മറെറന്താണുള്ളത്. ഉള്ളതു കൊടുത്തേയ്ക്കാം' അദ്ദേഹം തന്റെ ദേഹം ത്യജിച്ചു. അദ്ദേഹത്തിന്റെ എല്ലുകൾകൊണ്ട് വജ്രമുണ്ടാക്കി ആ വജ്രംകൊണ്ടാണ് വൃത്രാസുരനെ വധിച്ചത്. ലോകത്തിന്റെ ഭയമകററാൻ ആ ഋഷി ദേഹത്യാഗത്തിന്നൊരുങ്ങി. എന്തെന്നാൽ അദ്ദേഹത്തിന്റെ ഹൃദയം കരുണാപൂരിതമായിരുന്നു. നാം ദേഹവും ആത്മാവും തമ്മിൽ ഐക്യമുണ്ടെന്ന വ്യാമോഹത്തിൽ കുടുങ്ങിക്കിടക്കുന്നേടത്തോളംകാലം കരുണയുടെ ശക്തി പ്രത്യക്ഷപ്പെടുകയില്ല. ഒരുപക്ഷേ അല്പം ദയാഭാവം വെളിപ്പെട്ടുവെന്നു വന്നേയ്ക്കാം. ഇത് വളരെ ആലോചിയ്ക്കേണ്ടുന്നകായ്യമാണ്.

## ശക്തിസന്തുലനം

ഈയിടെ രാഷ്ട്രങ്ങൾക്കിടയിൽ ശക്തിസാമ്യമുണ്ടാക്കാൻ ശ്രമിച്ചുവരുന്നുണ്ട്. ഇതെത്രയോ പഴക്കമുള്ള വിദ്യയാണ്. പുത്തനൊന്നുമല്ല. ഈ "ബാലൻസ് ഓഫ് പവറ്" (ശക്തിസന്തുലനം)നെക്കുറിച്ചുള്ള വിചാരം രാഷ്ട്രമീമാംസയിൽ എത്രയോ കാലമായി അംഗീകരിച്ചുവന്നിട്ടുള്ളതാണ്. ഈ ശക്തിസന്തുലനത്തിന്നുവേണ്ടി അയൽരാജ്യം ആയുധം വദ്ധിപ്പിച്ചാൽ നമ്മളും വദ്ധിപ്പിയ്ക്കും. തുലാസ്സിന്റെ കോൽ ശരിയ്ക്കു നില്ക്കണമല്ലോ. തുലാസ്സിന്റെ ഈ തട്ടിൽ അഞ്ചുസേർ സാധനമിട്ടപ്പോൾ ബാലൻസു ശ

രിയാകുന്നില്ല. അപ്പോഠം ആ തട്ടിലും ഇടുന്നു. ഈ തട്ടുകാരൻ രണ്ടുസേർകൂടി കൂട്ടുമ്പോഠം കോൽ ഇങ്ങോട്ടു താഴുന്നു. അതു നികത്താൻ ആ തട്ടിലും രണ്ടു സേർ കൂട്ടുന്നു. ഇങ്ങനെ രണ്ടു തട്ടുകളിലും തുലാസ്സു പൊട്ടത്തക്കവണ്ണം ഘനം കൂട്ടുന്നു.

ഇന്നു് ലോകത്തിൽ വ്യാപിച്ചിട്ടുള്ള ഭയത്തിന്നെല്ലാം കാരണം മനസ്സിലുള്ള ഭയമാണ്. ഒരു തട്ടിൽ വളരെ ഘനം കൂടിട്ടുണ്ടു്. അതുകൊണ്ടു് മറേറ തട്ടിലും ഘനം കൂട്ടേണ്ടിവരുന്നു. ആകെ കൂട്ടിയാൽ ജീവിതം മുഴുവനും ദുഃഖപൂർണ്ണമാണ്. ബാലൻസ് നിലനിത്താൻ ഇരുവശത്തും ഘനം കൂട്ടി കൂട്ടി വന്നു. 'ബാലൻസ് ഓഫ് പവറി'ലുള്ള വിശ്വാസം ഇനിയും നീങ്ങിയിട്ടില്ല. എന്നാൽ ഓരോ തട്ടിലും വളരെ ഭാരം വീണുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു് നാശംവരുമെന്നും ബോധ്യമായിക്കഴിഞ്ഞു. ഇപ്പോഠം ഇരുകൂട്ടരും നിന്നു് ബാലൻസ് ശരിപ്പെടുത്തണമെന്നു് അന്യോന്യം വിളിച്ചുപറയുന്നു. എന്നാൽ ഇരുഭാഗത്തും ഘനം കൂട്ടി ബാലൻസ് ശരിപ്പെടുത്തുന്നതിന്നു പകരം രണ്ടു ഭാഗത്തും ഘനം ചുരുക്കി ബാലൻസ്സ് ശരിപ്പെടുത്തിയാൽ വളരെ നന്നായിരുന്നു. അതുകൊണ്ടിപ്പോഠം ഇരുകൂട്ടരും തമ്മിലൊത്തു് ആയുധം ചുരുക്കിയാൽ നന്നായിരിക്കുമെന്ന ആലോചനയായിരിക്കുന്നു. രണ്ടു മനുഷ്യർ തമ്മിൽ സംഭാഷണം നടക്കുന്നു എന്നാണിതിൻെറ അൎത്ഥം. ഒരാഠം ബുദ്ധിമാനാണ്, മറേറ ആഠം മൂർഖനും. ബുദ്ധിമാൻ മൂർഖനോടു 'നീ മൂർഖനായിരിക്കുന്നേടത്തോളം കാലം എനിക്കും മൂർഖനാവാതെ നിവൃത്തിയില്ല' എന്നു പറയുന്നു. താനിനി മൂർഖനാകാനുണ്ടോ? ഇപ്പോഠംതന്നെ അങ്ങിനെയാണല്ലോ. വെറുതെയാണ് തൻെറ പേരിൽ ബുദ്ധിമാനാണെന്ന ആരോപണമുണ്ടായതു്. യഥാൎത്ഥത്തിൽ നിങ്ങഠം മൂർഖൻതന്നെയാണ്.

രഷ്യയും അമേരിക്കയും വെവ്വേറെ ചിന്തിക്കുന്നതു് വിട്ടു് ഒരു ഭാഗമായിനിന്നു് നിരായുധീകരണനയം അംഗീകരിക്കട്ടെ.

ഇത് ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. അപ്പോൾ നമ്മുടെ ഉത്തരവാദിത്വം സ്പഷ്ടമാകുന്നു. അന്യരെ ഉപദേശിയ്ക്കാൻ വളരെയാളുകൾ ഉണ്ടാകും. ഇന്ന് ഭാരതത്തിൻെറ ശബ്ദം ലോകത്തിൽ മുഴങ്ങുന്നുണ്ട്. എന്നാൽ നാം നിർഭയരായിത്തീരുന്നതുവരെ ആ ശബ്ദത്തിന്ന് ലോകത്തേയും നമ്മുടെ രാജ്യത്തെയും എന്നെന്നും രക്ഷപ്പെടുത്താനുള്ള ശക്തിയുണ്ടാകയില്ല. 'ശിഷ്ടരെ രക്ഷിയ്ക്കാൻവേണ്ടി ഞാൻ അവതരിയ്ക്കുന്നു'വെന്നു് ഭഗവാൻ ഗീതയിൽ പറഞ്ഞിട്ടുണ്ട്. ഇതിൽനിന്നു് ശിഷ്ടതയെയും ധർമ്മത്തെയും രക്ഷിയ്ക്കാൻവേണ്ടി ആയുധമെടുക്കണമെന്നു് ചിലർ ധരിച്ചുവശായിരിക്കുന്നു. നമ്മുടെ മുമ്പിൽ രണ്ടേ മാർഗ്ഗങ്ങളുള്ളു. ഒന്നുകിൽ ദുഷ്ടരാവുക അല്ലെങ്കിൽ ശിഷ്ടരാവുക. നമുക്കു അവതാരമാകാൻ കഴിയില്ല. ഇതിലേതു ഭാഗമാണ് പിടിയ്ക്കേണ്ടതെന്നു നാം നിർണ്ണയിക്കണം. നാം ശിഷ്ടരാണെങ്കിൽ ആ ശിഷ്ടത തന്നെ നമ്മെ രക്ഷിച്ചുകൊള്ളും. ഈ ഭഗവദ്വചനത്തിൻെറ ശരിയായ അർത്ഥം ഇതാണ്. അതേ ശിഷ്ടതയെ ഈശ്വരവിഭൂതിയായും പറയുന്നു. 'സത്യമേവ ജയതേ' എന്നു നാം എഴുതിവെച്ചിട്ടുണ്ട്. സത്യ+ശസ്ത്ര+ശക്തി വിജയതേ എന്നു് നമ്മൾ എങ്ങാനും എഴുതിവെച്ചിട്ടുണ്ടോ? നമ്മളെഴുതിയത് 'സത്യം ഏവ ജയതേ', സത്യംമാത്രമേ ജയിക്കൂ എന്നാണ്. എന്തെന്നാൽ സത്യത്തെ രക്ഷിയ്ക്കാൻ സത്യമല്ലാതെ മറ്റൊന്നും ആവശ്യമില്ല. നിങ്ങൾ പറയുന്നതെല്ലാം ഞങ്ങൾ സ്വീകരിയ്ക്കുന്നുവെന്നു് മുമ്പിലുള്ളവർ പറയുന്നതുകൊണ്ട് ഈ ചർച്ചകളെല്ലാം വ്യർത്ഥമാണ്. നാം പറയുന്നത് അംഗീകരിയ്ക്കാത്തവരോടല്ലേ വാദപ്രതിവാദം വേണ്ടൂ. പക്ഷെ ഇവർ നമുക്കെല്ലാം സമ്മതമാകണമെന്ന് ഇവർ പറയുന്നു. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ രാജ്യരക്ഷയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യേണ്ടിവരും. ഈ മനോഗതി മാറുന്നതുവരെ ലോകത്തിന്നു രക്ഷയില്ല.

## രാജ്യമല്ല, പ്രാജ്യമാണ് വേണ്ടത്

സർവ്വോദയസമാജം ഈ കാര്യം തീരുമാനിക്കേണ്ടിവരും. അഹിംസയിൽ വിശ്വാസമുള്ളവർ 'ലോകനീതി' സ്ഥാപിയ്ക്കാൻ മുഴുവൻ ശക്തിയുമുപയോഗിയ്ക്കണമെന്നു ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്. രാജനീതി അവസാനിപ്പിക്കാൻ ശ്രമിയ്ക്കണമെന്നർത്ഥം. രാജനീതിയെ 'സ്പിരിച്വലൈസ്' ചെയ്യാൻ (ആത്മീയമാക്കാൻ) പല ശ്രമവും ഇതിനിടയിൽ നടന്നിട്ടുണ്ട്. ഗോഖലെ ഈ ശബ്ദം ഉപയോഗിച്ചു; ഗാന്ധിജിയും ഈ ശബ്ദം എടുത്തുപയോഗിച്ചു. ഗാന്ധിജിയാണ് ഒന്നാമതായി രാജനീതിയെ (പൊളിടിക്സിനെ) സ്പിരിച്വലൈസ് ചെയ്യാൻ നീതിമയമാക്കാൻ(ധാർമ്മികമാക്കാൻ) ശ്രമിച്ചതെന്ന് ചിലർ കരുതുന്നു. ഗാന്ധിജി ഇതിന്നുവേണ്ടി തീവ്രയായും ശ്രമിച്ചിട്ടുണ്ട്. എന്നാൽ ചരിത്രത്തിൽ ഒന്നാമതായി ഇതിന്നു ശ്രമം നടത്തിയത് ഗാന്ധിജിയല്ല, മുഹമ്മദുനബിയും ഇതിന്നുവേണ്ടി ശ്രമിച്ചിട്ടുണ്ട്. എന്നാലദ്ദേഹത്തിന്നതിൽ അത്ര പേരില്ല. രാജശബ്ദവും നീതിശബ്ദവും തമ്മിൽ കടിയ്ക്കുന്നവയാണ്. രാജശബ്ദത്തെ നീതി കടിയ്ക്കുന്നു. നീതിശബ്ദത്തെ രാജശബ്ദവും. നീതി വന്നുകഴിഞ്ഞാൽ രാജഭരണവ്യവസ്ഥ തകരുന്നു. ഭരണവ്യവസ്ഥ സ്ഥാപിയ്ക്കപ്പെട്ടമ്പോഠം നീതിയും അവസാനിക്കുന്നു. ഇനി മേലോട്ട് നമുക്ക് രാജ്യമല്ല 'പ്രാജ്യ'മാണ് വേണ്ടത്. ഇതിന്നെത്രകാലം വേണ്ടിവരുമെന്നു നമുക്കറിഞ്ഞുകൂടാ. പക്ഷെ നാം ചെയ്യേണ്ടതായിട്ടെന്തെങ്കിലുമുണ്ടെങ്കിലിതാണ്. 'മേരേ തോ മുഖ രാമനാമ, ദൂസരാ ന കോഇ' എൻെറ മുഖത്തുനിന്ന് രാമനാമമല്ലാതെ മററൊന്നും പുറപ്പെടുകയില്ല എന്ന് സർവ്വോദയസമാജം നിശ്ചയിക്കണം. എന്നാൽ ഗാന്ധിജിയുടെ ശിഷ്യന്മാരിൽ പലരും ഇന്നു തെററിദ്ധാരണയിലകപ്പെട്ടിരിയ്ക്കുന്നു. ഏതു സ്ഥിതിയിലും രാജ്യം ഭരിക്കുന്ന ഉത്തരവാദിത്വം നമുക്കുതന്നെയാണെന്നവർ കരുതുന്നു. ഇത് ശരിയാണ്; നാം സ്വരാജ്യം നേടിക്കഴിഞ്ഞനില

ക്കു് അതു ഭരിക്കുന്ന ചുമതലയേല്ക്കാനൊരുക്കമില്ലെങ്കിൽ സ്വരാജ്യം നേടിയതെന്തിനാണു്? ആ അധികാരം കയ്യാളാനും അടുത്തക്ഷണംതൊട്ടു് ആ അധികാരശക്തിയെ തളത്തിക്കൊണ്ടുവരാനും വേണ്ടിയാണതു നേടിയതു്. ആ കാര്യം സാധിക്കുന്നതു് അമ്പതു കൊല്ലത്തിനുശേഷമായിക്കൊള്ളട്ടെ, അതിൻെറ ആരംഭം ഇന്നേ തുടങ്ങണം.

## "കമ്മ്യൂണിസത്തിൽ ഭരണാധികാരം ധനവും, അതിൻെറ വിലയനം ഋണവുമാണു്"

സഹോദരന്മാരേ, ഈ കാര്യത്തെക്കുറിച്ചു് എത്ര ഗവേഷണം ചെയ്താലും ഏററയാവില്ല. ഭരണത്തിൻെറ ശക്തി കുറഞ്ഞിരിക്കണമെന്നു് കമ്മ്യൂണിസ്റ്റുകാരും സമ്മതിക്കുന്നു. പക്ഷെ ഇന്നത്തെ സ്ഥിതിയിൽ രാജ്യത്തിന്നു് ശക്തി ഏററവും കൂടുതലുണ്ടായിരിക്കണമെന്നാണവരുടെ പക്ഷം. ആ ശക്തിയെ അടിസ്ഥാനമാക്കി തങ്ങാംക്കെതിരായ ശക്തികളെ തളത്തിയശേഷം രാജ്യാധികാരത്തിൻെറ ശക്തി കുറയ്ക്കാൻ തുടങ്ങാം. അതുകൊണ്ടു് കമ്യൂണിസത്തിൽ ഭരണാധികാരത്തിന്നു ശക്തികൂട്ടുന്നതു് ധനവും പിന്നീടു് ശക്തി വിലയിപ്പിക്കുന്നതു് ഋണവുമാണു്. ആ ഋണം എപ്പോഴാണു് നേടാനാവുക എന്നതിന്നൊരു തിട്ടമില്ല. ഇന്നത്തെ നിലയിൽ ഏററവും അധികം ശക്തിയാജ്ജിയ്ക്കണമെന്ന നിശ്ചയത്തിലാണൊടുവിൽ അവർ എത്തുന്നതു്.

## നമ്മുടെ യഥാത്ഥ ദൌബ്ബല്യം

നമ്മുടെ മുമ്പിൽ യഥാത്ഥത്തിലുള്ള ബുദ്ധിമുട്ടുകാം നിങ്ങളോടു പറയുകയാണു്. നിരായുധീകരണത്തിൻെറ വഴിയിൽ യഥാത്ഥമായിട്ടുള്ള പ്രതിബന്ധത്തിലേയ്ക്കു് നിങ്ങളുടെ ശ്രദ്ധയാകഷിയ്ക്കുകയാണു് എൻെറ ഉദ്ദേശ്യം. നമ്മുടെ നാട്ടിന്നകത്തു നടക്കുന്ന പ്രവത്തനങ്ങളിലും പ്രസ്ഥാനങ്ങളിലും ജനങ്ങാംക്കിട-

യിൽ പ്രവൎത്തിക്കുന്നവരിൽ സൌമനസ്യം സ്ഥാപിക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ് വലിയ ആപത്ത്. അഹിംസ സ്ഥാപിക്കാൻ കഴിഞ്ഞില്ല, ഇത് നമ്മുടെ വലിയ ദൌൎബ്ബല്യമാണ്. പാകിസ്താനെ തെല്ലും ഭയമില്ലെന്നു് ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ടു്. എന്നാൽ നമ്മുടെ ഇടത്തെ കയ്യിന് വലത്തേ കയ്യിനെയും വലത്തേ കയ്യിന്നു് ഇടത്തേ കയ്യിനേയും ഭയമാണെന്നു് സമ്മതിക്കേണ്ടിവരുന്നു.

ഇന്ത്യയിലെ ജനങ്ങൾക്ക് ഹിംസയിലുള്ള വിശ്വാസം നശിച്ചിട്ടില്ല. അതുകൊണ്ട് നമുക്ക് ക്ഷീണമുണ്ട്. അതുകൊണ്ട് തീരെ ആയുധമുപേക്ഷിക്കുക അസംഭാവ്യമാണ്. ഇന്ത്യയിൽ സൌമനസ്യം ഉണ്ടായിത്തീരുകയും, പൊതുകാൎയ്യങ്ങളോ പ്രസ്ഥാനങ്ങളോ നടക്കുമ്പോൾ ക്ഷോഭമുളവാകാതിരിക്കുകയും വേണം. അങ്ങിനെ ഒരു പരിതഃസ്ഥിതിയുളവായിക്കഴിഞ്ഞുവെന്നു ബാബയ്ക്കും നിങ്ങൾക്കും വിശ്വാസമായിക്കഴിഞ്ഞാൽ ഉടനെ ആയുധമുപേക്ഷിക്കാൻ ബാബ നിസ്സംശയം പറയും. അതുകൊണ്ടു് നന്മ വരുത്തുന്നതും പ്രശ്നങ്ങളെ പരിഹരിയ്ക്കാൻ കഴിവുള്ളതും ഒരു തരത്തിലും ക്ഷോഭമുളവാക്കാത്തതുമായ പുതിയ ശക്തിയെ എങ്ങിനെ ഉളവാക്കാമെന്നു് വീണ്ടും വീണ്ടും വിചാരംചെയ്തു നോക്കണം. പ്രശ്നങ്ങളെ പരിഹരിക്കുന്ന ക്ഷോഭരഹിതമായ ശക്തിയാണ് വേണ്ടത്. ഭൂദാനയജ്ഞത്തിൽ ഇതാണ് നാമന്വേഷിച്ചുകൊണ്ടിരിക്കുന്നത്.

## നമ്മുടെ ബുദ്ധി ഉപാധിരഹിതമായിരിക്കണം

ഈ അന്വേഷണത്തിൽ നിങ്ങളെല്ലാവരും പങ്കെടുക്കണം. തങ്ങളുടെ ബുദ്ധിയെ യാതൊരുപാധിയോടും വെച്ചുകെട്ടരുതെന്നു് ഞാൻ പലപ്പോഴും പറയാറുണ്ടു്. ഞാൻ ബ്രാഹ്മണനാണ് എന്ന ഉപാധി തെററാണ്. ഞാൻ ഇന്ന ഭാഷക്കാരനാണ്, ഇന്ന രാഷ്ട്രീയകക്ഷിക്കാരനാണ്, ഇന്ന മതക്കാരനാണ് എന്നിത്തരം

ഉപാധികൾ തൊററാണ്. ഈ ഉപാധികളെല്ലാം ഒഴിക്കാതെ അഹിംസാശക്തി വളത്തുന്ന കാൎയ്യത്തിൽ നമ്മുടെ ബുദ്ധിയ്ക്കു് പ്രവൎത്തിക്കാനാവില്ല. സൂൎയ്യനുദിയ്ക്കുമ്പോൾ യാതൊരു ഭേദത്തിനും മുമ്പിൽ നില്ക്കാനാവില്ല. എല്ലാവരെയും അദ്ദേഹം ഒരുപോലെ സേവിയ്ക്കുന്നു. സൂൎയ്യനെപ്പോലെ നിഷ്പക്ഷനാകാതെ നമുക്ക് അഹിംസയെക്കുറിച്ച് ഗവേഷണം ചെയ്യാൻ സാധ്യമല്ല. തുല്യനിലയിൽ എല്ലാവരിൽനിന്നും നിൎല്ലിപ്തനായിരിക്കണം. നാം എല്ലാവൎക്കും അഭിമുഖരായിരിക്കണം. എല്ലാവരുടെയും മുമ്പിൽ നില്ക്കണം, എല്ലാവരെയും സ്നേഹിക്കണം, അതിന്നു യാതൊരു നിബന്ധനയും പാടില്ല. സ്നേഹബന്ധം വേണമെന്നു ചിലർ പറയുന്നുണ്ട്. പക്ഷെ സ്നേഹം വളരുകയാണ് വേണ്ടത്, ബന്ധത്തിന്റെ ആവശ്യമില്ല എന്നാണെനിക്കു പറയാനുള്ളത്.

## എല്ലാവരോടും അനാസക്തമൈത്രി

ഇതേ ആശയം ഇതേ മട്ടിൽത്തന്നെ തിരുക്കുറളിൽ കാണാൻ കഴിഞ്ഞുവെന്നുള്ളതിലെനിക്ക് സന്തോഷമുണ്ട്. മൈത്രി വളത്തണമെങ്കിൽ വളൎത്തിക്കൊള്ളാൻ അതിൽ പറഞ്ഞിട്ടുണ്ട്. മൈത്രി വളൎത്താൻ 'പുനൎച്ചി' ആവശ്യമില്ല. ഉനൎച്ചിയാണാവശ്യം. പ്രേമഭാവം വേണം. പ്രേമഭാവം വളൎത്താനെന്തു വേണമെന്ന് ഒരാൾ ചോദിച്ചു. അനാസക്തനായിരിക്കയാണ് വേണ്ടതെന്നും ഞാൻ പറഞ്ഞു. ചില ആളുകളോടും ചില സംഘടനകളോടും ചില സമ്പ്രദായങ്ങളോടും ബന്ധപ്പെട്ടിരുന്നാൽ (ആസക്തൻ) നമുക്കെല്ലാവരോടും തുല്യനിലയിൽ പെരുമാറാൻ കഴിയുകയില്ല. ഒരു വൃത്തരേഖയുണ്ടെന്നു കണക്കാക്കുക. അതു പരിധിയാണ്. ആ പരിധിയിൽ അനേകം ബിന്ദുക്കളുണ്ട്. ഞാനതിലൊരു ബിന്ദുവായാൽ ആ പരിധിയിലുള്ള എല്ലാ ബിന്ദുക്കളോടും തുല്യദൂരത്തിരിക്കാൻ എനിക്ക് പ്രയാസമായിത്തീരും. ഒരു ബിന്ദു എന്റെ അടുത്താണ്, മററൊന്നു ദൂരത്താണ്. എല്ലാ ബിന്ദുക്കളിൽനിന്നും

തുല്യദൂരത്തിരിക്കണമെന്നുണ്ടെങ്കിൽ ഞാൻ മദ്ധ്യബിന്ദുവായിരിക്കണം. ഇതിനാണ് നിഷ്പക്ഷവൃത്തി എന്നു പറയുന്നത്. നാം ചില കക്ഷിയിലും മതത്തിലും സമ്പ്രദായത്തിലും പെട്ട് ഉപാധിബദ്ധരായി ചിലരോട് അടുത്തും പലരോടും അകന്നുമിരിക്കുന്നു. അഹിംസാശക്തിയെ വളർത്തണമെന്നുണ്ടെങ്കിൽ ഉപാധിരഹിതരായിരിക്കണം.

## ഭയം പാകിസ്താനെയല്ല, ജനങ്ങളുടെ ഹിംസാഭാവത്തെയാണ്

ജനങ്ങളെ ഏതു ഭാഗത്തേയ്ക്കു കൊണ്ടുപോകണമെന്നുള്ളതാണ് യഥാർത്ഥ പ്രശ്നം. ജനങ്ങൾ കുറച്ചു ബഹളമുണ്ടാക്കിയാൽ നമ്മുടെ ഹൃദയം വ്യാകുലമായിത്തീരുന്നു. നമുക്കു കാറിനുദുഃഖമുണ്ടാകുന്ന മററുള്ളവർ വിശ്വയുദ്ധത്തിൽനിന്നു ഭയപ്പെടുന്നു. ഞാൻ വിശ്വയുദ്ധത്തെ കഴിയുന്ന വേഗത്തിൽ വന്നെത്താൻ ക്ഷണിയ്ക്കുകയാണ്. അതു കഴിയുന്നവേഗം വരട്ടെ. ഞാനതിനെ ദിവ്യദേവതയായി കണക്കാക്കുന്നു. വിശ്വയുദ്ധം വരുത്തുന്നത് മനുഷ്യനല്ല, ഈശ്വരനാണ്. ഈശ്വരന്ന് സംഹാരേച്ഛയുണ്ടാകുമ്പോൾ വിശ്വയുദ്ധത്തെ അയയ്ക്കുന്നു. ഭഗവാൻ കൃഷ്ണൻ അവതരിച്ചതെന്തിനായിരുന്നു. ഭൂമിയുടെ ഭാരം തീർക്കാൻ ഭൂമിയ്ക്കു വന്ന ഭാരം തീർക്കാൻ കൌരവന്മാരെയും പാണ്ഡവന്മാരെയും സംഹരിച്ചു. അതിനുശേഷം ഭഗവാൻ ഗാന്ധാരിയെക്കാണാൻ ചെന്നപ്പോൾ ഗാന്ധാരി പറഞ്ഞു. "അങ്ങുതന്നെയാണ് ഈ സംഹാരകൃത്യം ചെയ്യിച്ചത്." ഗാന്ധാരി പ്രകൃത്യാ ശാന്തശീലയായിരുന്നു. പക്ഷെ തന്റെ മക്കൾ വധിയ്ക്കപ്പെട്ടതിൽ അവർ തൽക്കാലം അത്യന്തം ക്ഷോഭിച്ചിരുന്നു. അതുകൊണ്ട് ഭഗവാനോടിങ്ങനെ പറഞ്ഞു. "അങ്ങെന്താണ് കരുതുന്നത്? അങ്ങു കൌരവന്മാരെ കൊല്ലിച്ചു. പാണ്ഡവന്മാരെ കൊല്ലിച്ചു. ഇനി അങ്ങയുടെ കൂട്ടക്കാ

രായ യാദവർ സുരക്ഷിതരായിരിക്കുമോ? അവരും നശിക്കും"
ഭഗവാൻ ചിരിച്ചു. ഇത്രയേ ആ ഘട്ടത്തിൽ പറഞ്ഞിട്ടുള്ളു. ഭഗവാൻ ഇങ്ങനെ പറഞ്ഞു. "ഭവതി വിചാരിക്കുന്നതുതന്നെ സംഭവിക്കും." അപ്പോൾ ഭഗവാന്ന് സംഹരിയ്ക്കണമെന്നു തോന്നിയാൽ വിശ്വയുദ്ധത്തെ അയക്കുമെന്നർത്ഥം. ഇതിൽ എനിയ്ക്കൊട്ടെല്ലും ഭയമില്ല. എന്നാൽ ബോംബെയിലെ ലഹളയും കൽക്കത്തയിലെ സംഭവങ്ങളും മനസ്സിനെ വേദനിപ്പിയ്ക്കുന്നു. ഈ സംഭവങ്ങളൊന്നുമുണ്ടായിരുന്നില്ലെങ്കിൽ ബാബുപുരപ്പുറത്തു കയറിനിന്ന് ഇന്നുതന്നെ ആയുധമുപേക്ഷിയ്ക്കലാണ് ഇന്ത്യയുടെ കത്തവ്യം എന്നു വിളിച്ചു പറയുമായിരുന്നു. നാം ആയുധം ത്യജിയ്ക്കുന്ന കാര്യത്തിൽ പാകിസ്താൻ പ്രതിബന്ധമാകുന്നില്ല. 1942_ലെ സമരത്തിൽ നാം അഭ്യസിച്ച വിധ്ധ്വംസവും അതിനും അനുവത്തിച്ചുവരുന്നതുമാണ് എനിയ്ക്കു ഏററവും ഭയമുളവാക്കുന്നത്.

## സ്ത്രീയോ പുരുഷനോ അല്ല രക്ഷിയ്ക്കാൻ

ഇന്ത്യയിൽ വിശ്വപ്രേമം ഉളവാക്കുകയും നിരുപാധികമായ വൃത്തി ശീലിപ്പിക്കുകയുമാണ് സർവ്വോദയസമാജത്തിൻെറ കത്തവ്യം. ഇന്ന് വളരെ പ്രസംഗങ്ങൾ ഇവിടെ നടന്നുവെങ്കിലും സ്ത്രീകൾക്ക് വേണ്ടി ഒന്നും പറയുകയുണ്ടായില്ലെന്നും സ്ത്രീകൾക്കുവേണ്ടിയും എന്തെങ്കിലും പറയണമെന്നും മഹാദേവി പറയുകയുണ്ടായി. പുരുഷന്മാരെക്കാളധികം സ്ത്രീകളുടെ ഹൃദയത്തിലാണ് അഹിംസ കുടികൊള്ളുന്നതെന്നു് വീണ്ടും വീണ്ടും പറഞ്ഞുകേൾക്കുന്നു. എന്നാൽ പുരുഷന്മാരായവർക്കോ സ്ത്രീകളായവർക്കോ അഹിംസയെ വളർത്താനാവില്ലെന്നാണെൻെറ വിശ്വാസം. പുരുഷന്മാരിൽനിന്നും സ്ത്രീകളിൽനിന്നും അകന്നു് ആത്മസ്വരൂപമായവർക്കേ ഇതു സാധ്യമാകൂ.

## ദേഹാത്മഭേദത്തെക്കുറിച്ചുള്ള ജ്ഞാനം അത്യാവശ്യം

ശരീരത്തിൻെറ ഈ ആവരണത്തിൽ കുടുങ്ങിക്കിടക്കുന്നേടത്തോളം കാലം നമുക്ക് അഹിംസയെ വളർത്താൻ കഴിയുകയില്ല. ഞാൻ പറഞ്ഞത് കുറെ ഞെരുക്കമുള്ള കാര്യമാണെന്നു നിങ്ങൾ പറഞ്ഞേയ്ക്കും. ഞെരുക്കമുള്ള സംഗതിയൊന്നുമല്ല യഥാർത്ഥസ്ഥിതിമാത്രമാണ് ഞാൻ പറഞ്ഞത്. ഒരു ചെറിയ കുട്ടിയ്ക്കു കൂടി ദേഹഭിന്നനായ ആത്മാവിനെ പരിചയപ്പെടുത്തിക്കൊടുക്കാൻ കഴിയും.

അടിസ്ഥാനവിദ്യാഭ്യാസത്തെക്കുറിച്ച് വിവരണം നല്കാൻ എന്നോട് ചിലർ പറയുകയുണ്ടായി. പലതരത്തിലും വിവരിക്കപ്പെട്ടനുണ്ട്. തൊഴിൽമുഖേന നല്കുന്ന വിദ്യാഭ്യാസമാണ് നയീതാലീം എന്നാണ് പറയുന്നത്. ശരീരവും ആത്മാവും ഭിന്നമാണെന്ന വിചാരം കുട്ടികൾക്കുളവാക്കാൻ പോരുന്നതും ആത്മവിശ്വാസം ഉറപ്പിക്കുന്നതുമായ വിദ്യാഭ്യാസമാണ് സർവ്വോത്തമമെന്നു ഞാൻ കരുതുന്നു. അതു പുതിയ വിദ്യാഭ്യാസ (നയീതാലീം) മായാലും ശരി പഴയതായാലും ശരി.

സർവ്വോദയപുരം, (കാഞ്ചീപുരം)

29—5—56

സർവ്വോദയസമ്മേളനത്തിലെ അവസാന പ്രഭാഷണം.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M100 *Acc. No.* 12796

This book should be returned on or before the date last stamped below.

10 JUN 1977
8 DEC 1982
29 AUG 1984
19 SEP 1984
27 MAR 1995
7 APR 2001

14100 12756

വിനോബ
ഹിംസയെ ചെറുത്തുനില്ക്കൽ

KOTTAYAM PUBLIC LIBRARY

Call No. M100 Acc. No. 12756

Author വിനോബ

Title ഹിംസയെ ചെറുത്തുനില്ക്ക

Indic Digital Archive Foundation

gpura.org